MY LORD, MY GOD
# Bulletin
DIOCESE OF IRINJALAKUDA

OCTOBER 2014

Book : 35 Volume : 10

P.B. No. 59, Irinjalakuda - 680121
Phone : 2826830, 2826820
Website : www.irinjalakudadiocese.com
E-mail : ijkbph@gmail.com

## ഉള്ളടക്കം

1 ഇടയശബ്ദം ........ 03
2 സർക്കുലർ ........ 05
3 കച്ചേരിക്കാര്യങ്ങൾ ........ 06
4 സഭാവാർത്തകൾ ........ 08
5 ബ്ലസ് എ ഹോം ........ 10
6 നവചൈതന്യ ........ 13
7 മതബോധനം ........ 14
8 സോഷ്യൽ ആക്ഷൻ ........ 16
9 അവാർഡ് ........ 18
10 പാക്സ് ........ 19
11 കരിസ്മാറ്റിക് മൂവ്മെന്റ് ........ 20
12 സാൻജോസദൻ ........ 21
13 ക്രിസ്തുദർശൻ കമ്മ്യൂണിക്കേഷൻസ് ........ 22
14 ബി.എൽ.എം. ........ 23
15 സെന്റ് പോൾസ് മൈനർ സെമിനാരി ........ 24
16 സി.ആർ.ഐ. ........ 25
17 സ്പിരിച്ചാലിറ്റി സെന്റർ ........ 26
18 ഇടയന്റെ നാളെകൾ ........ 27
19 ഇടയന്റെ ഇന്നലെകൾ ........ 27

## Statement about ownership and other particulars of BULLETIN IRINJALAKUDA DIOCESE, Form IV - (Rule 8)

| | | |
|---|---|---|
| l. | Place of publication | BISHOP'S HOUSE,<br>IRINJALAKUDA, P.B. No. 59 ,<br>P.O. IRINJALAKUDA - 680 121<br>THRISSUR Dist. KERALA |
| 2. | Periodicity of its publication | MONTHLY |
| 3. | Printer's Name | MSGR.SEBASTIAN MALIEKAL |
| | Whether a citizen of India? | Yes |
| | If a foreigner, state the country of origin | Not Applicable |
| | Address | BISHOP'S HOUSE,<br>IRINJALAKUDA, P.B. No. 59 ,<br>P.O. IRINJALAKUDA - 680 121<br>THRISSUR Dist. KERALA |
| 4. | Publisher's Name | MSGR.SEBASTIAN MALIEKAL |
| | Whether a citizen of India? | Yes |
| | If a foreigner, state the country of origin | Not Applicable |
| | Address | BISHOP'S HOUSE,<br>IRINJALAKUDA, P.B. No. 59<br>P.O. IRINJALAKUDA - 680 121<br>THRISSUR Dist. KERALA |
| 5. | Editor's Name | FR. NEVIN ATTOKARAN |
| | Whether a citizen of India? | Yes |
| | if a foreigner, state the country of origin | Not Applicable |
| | Address | BISHOP'S HOUSE,<br>IRINJALAKUDA, P.B.No.59<br>P.O. IRINJALAKUDA - 680 121<br>THRISSUR Dist. KERALA |
| 6. | Name and Address of the Owner | MAR PAULY KANNOOKADAN<br>BISHOP OF IRINJALAKUDA DIOCESE<br>BISHOP'S HOUSE,<br>IRINJALAKUDA, P.B.No. 59<br>P.O. IRINJALAKUDA - 680 121<br>THRISSUR Dist. KERALA |

I, Msgr. Sebastian Maliekal, hereby declare that the particulars given above are true to the best of my knowledge and belief.

**Msgr. Sebastian Maliekal,**
Publisher
lrinjalakuda Diocesan Bulletin

Date: 28. 10. 2014

# ഇടയശബ്ദം



*ഏറ്റവും സ്നേഹമുള്ള വൈദിക സുഹൃത്തുക്കളേ, പ്രിയ സമർപ്പി തരേ, മിശിഹായിൽ വാത്സല്യമുള്ള സഹോദരീസഹോദരൻമാരേ,*

ക്രൈസ്തവരെ മറ്റുള്ളവരിൽനിന്ന് തിരിച്ചറിയുന്നതിനുള്ള അടയാളം "വിശ്വാസികളുടെ സമൂഹം ഒരു ഹൃദയവും ഒരാത്മാവും ആയിരുന്നു എന്നതാണെന്ന്" (അപ്പ. 4,32). അപ്പസ്തോലരുടെ പ്രവർത്തനങ്ങൾ രേഖപ്പെടുത്തുന്നു. പൗലോസ് അപ്പസ്തോലൻ തന്റെ ക്രൈസ്തവസമൂഹങ്ങളോട് പറയുന്നു "നമ്മളെല്ലാവരും ഒരേ ആത്മാവിൽ ഏക ശരീരമാകുന്നു" എന്ന വസ്തുത വിസ്മരിക്കരുത് എന്ന് (1 കൊറി 12,13). ഐക്യത്തിനായുള്ള ഈശോയുടെ പ്രാർത്ഥന നമുക്ക് സുപരിചിതമാണ്. "പിതാവെ അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരി ക്കുന്നതിന് അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്ന് ലോകം അറിയുന്നതിനുംവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു" (യോഹ 17:21). ഈശോയ്ക്ക് ഏറ്റവും പ്രിയങ്കരമായ ഈ ലക്ഷ്യം നേടുന്നതിന് നാം ശ്രമിക്കണം. ഓഗസ്റ്റ് 27-ാം തിയ്യതി ബുധനാഴ്ച ഫ്രാൻസിസ് മാർപാപ്പ പൊതുദർശനവേളയിൽ നടത്തിയ വിചിന്തനത്തിൽ പ്രതി പാദിച്ച ചില ചിന്തകളാണ് ഈ ഇടയശബ്ദത്തിൽ പങ്കുവെയ്ക്കു വാൻ ഞാൻ ആഗ്രഹിക്കുന്നത്.

സഭയുടെ ഐക്യത്തിനെതിരായ പാപങ്ങളെക്കുറിച്ച് സംസാ രിക്കുമ്പോൾ വലിയ ശീശ്മകളെ മാത്രം പരിഗണിച്ചാൽ പോരാ. അഭിപ്രായങ്ങൾ പങ്കുവയ്ക്കുന്നതിനും കൂട്ടായ്മ വളർത്തുന്നതിനും വേണ്ടിയുള്ള ഇടമായ ഇടവകകൾ ചില സമയങ്ങൾ സ്പർദ്ധയും, അസൂയയുംകൊണ്ട് വികൃതമാക്കുന്നു. സഹാനുഭൂതി തീർത്തും നഷ്ടപ്പെടുന്നു. പരദൂഷണം പെരുകുന്നു. ഇത് കൈമാറിപ്പോകുന്നു. സമൂഹങ്ങളിൽ വളരെയധികം പരദൂഷണം പറച്ചിലുണ്ട്. ഇത് നല്ല തല്ല. ഉദാഹരണത്തിന് പാപ്പ പറയുന്നു. ഒരു പ്രസ്ഥാനത്തിന്റെ

പ്രസിഡന്റായി ഒരാളെ തെരഞ്ഞെടുക്കുന്നു. ഉടനെ അയാളെക്കുറിച്ച് കുറ്റങ്ങൾ പറഞ്ഞു തുടങ്ങുന്നു. വിശ്വാസപരിശീലനത്തിന്റെ തലപ്പത്തേക്ക് ഒരാൾ നിയമിതനാകുന്നു. ആളിനെതിരായും മറ്റുള്ളവർ കുറ്റം പറയുന്നു. ഇതല്ല തിരുസഭ. ഇത് നാം ചെയ്യരുതാത്തതാണ്. ഇത് നാം ചെയ്യരുത്. ഇത് ചെയ്യാതിരിക്കുവാനുള്ള കൃപാവരത്തിന് നാം കർത്താവിനോട് പ്രാർത്ഥിക്കണം. നാം മറ്റുള്ളവരെ വിധിക്കുന്നത് കാരണം താഴെ പറയുന്ന നമ്മുടെത്തന്നെ പോരായ്മകളാണ്.

1. നാം മറ്റുള്ളവരെക്കാൾ അന്യായമായി ഒന്നാം സ്ഥാനത്തെത്തുവാൻ ലക്ഷ്യമിടുന്നു.
2. എല്ലാറ്റിന്റേയും കേന്ദ്രബിന്ദുവായി നാം നമ്മെത്തന്നെ കാണുന്നു.
3. അമിതമായ ഉൽക്കർഷേച്ഛ നമ്മെ പിന്തുടരുന്നു.
4. പൊതുവായ കാഴ്ചപ്പാടുകളിൽനിന്നും വ്യതിരിക്തമായ കാഴ്ചപ്പാടുകൾവച്ചു പുലർത്തുന്നു.
5. നാം മറ്റുള്ളവരുടെ തെറ്റുകളിൽമാത്രം ശ്രദ്ധകേന്ദ്രീകരിക്കുന്നു. മറ്റുള്ളവരുടെ നന്മ കാണുവാൻ ശ്രമിക്കുന്നില്ല.
6. ഇരു കൂട്ടർക്കും പൊതുവായ നന്മകളിൽ ശ്രദ്ധ പതിക്കാതെ നമ്മെ ഭിന്നിപ്പിക്കുന്ന കാര്യങ്ങളിൽ നാം കൂടുതൽ പ്രാധാന്യം നൽകുന്നു.

ഇതിന്റെ പശ്ചാത്തലത്തിൽ നാം ഗൗരവപൂർവ്വം ഒരാത്മപരിശോധന നടത്തണം. ഒരു ക്രൈസ്തവസമൂഹത്തിൽ ഭിന്നത ഏറ്റവും ഗുരുതരമായ പാപങ്ങളിൽ ഒന്നാണ്. എന്തെന്നാൽ അത് ദൈവത്തിന്റെ പ്രവൃത്തിയുടെ അടയാളമല്ല. പിശാചിന്റെ പ്രവൃത്തിയുടെ അടയാളമണ്. ഭിന്നിപ്പിക്കുന്നവൻ, ബന്ധങ്ങൾ തകർക്കുന്നവൻ, പരദൂഷണം പറയുന്നവൻ എന്നാണ് പിശാചിന്റെ നിർവ്വചനം. മുൻവിധിക്ക് പ്രേരിപ്പിക്കുന്നത് പിശാചാണ്. ഒരു ക്രൈസ്തവസമൂഹത്തിലെ ഭിന്നിപ്പ് അത് വളരെ ഗുരുതരമായ ഒരു പാപമാണ്. കാരണം അത് പിശാചിന്റെ പ്രവൃത്തിയാണ്.

ഫ്രാൻസിസ് മാർപാപ്പ ഓർമ്മിപ്പിക്കുന്നു. ദൈവം ആഗ്രഹിക്കുന്നത് മറ്റുള്ളവരിലുള്ള നന്മ കാണുവാനും അംഗീകരിക്കുവാനും അത് വർദ്ധിപ്പിക്കുവാനും പരിശ്രമിക്കണമെന്നാണ്. പരസ്പരം ക്ഷമിക്കുവാനും സ്നേഹിക്കുവാനുമുള്ള കഴിവ് വികസിപ്പിക്കണമെന്നാണ്. അങ്ങനെ കൂട്ടായ്മയും സ്നേഹവുമായ ഈശോയോട് എപ്പോഴും കൂടുതൽ സാമ്യമുള്ളവനാകുക.

പാപ്പ തന്റെ രൂപതയിൽ പരിചയമുള്ള ഒരു വ്യക്തിയെക്കുറിച്ച് രസകരവും കാരുണ്യം തുളുമ്പുന്നതുമായ ഒരു അഭിപ്രായം കേട്ട തിനെക്കുറിച്ച് ഇങ്ങനെ പ്രതിപാദിക്കുകയുണ്ടായി. ആയുഷ്ക്കാലം മുഴുവൻ ഇടവകയിൽ പ്രവർത്തിച്ച പ്രായമായ ഒരു വ്യക്തിയെക്കു റിച്ചായിരുന്നു ഈ അഭിപ്രായം. അവരെ നല്ലപോലെ അറിയാവുന്ന ഒരാൾ പറഞ്ഞു. "ഈ സ്ത്രീ ഒരിക്കലും ആരെയും വിമർശിച്ചിട്ടില്ല. ആരെയുംകുറിച്ച് പരദൂഷണം പറഞ്ഞിട്ടില്ല. അവളുടെ മുഖത്ത് എപ്പോഴും ഒരു പുഞ്ചിരി മാത്രം ഉണ്ടായിരുന്നു".

മിഷൻ ഞായറിന് ഒരുങ്ങുന്ന നമുക്കും ക്രൈസ്തവമായ ഈ ചൈതന്യം ഉൾക്കൊള്ളാം. നന്മ കാണുന്നവരും നന്മ പറയുന്നവരും ഐക്യം വളർത്തുന്നവരുമാകാം.

+ Pauly Kannookadan

ഇരിങ്ങാലക്കുട — **മാർ പോളി കണ്ണൂക്കാടൻ**
21. 09. 2014 — ഇരിങ്ങാലക്കുട രൂപത മെത്രാൻ

1324/14
23. 09. 14

# സർക്കുലർ

## കാഷ്മീരിന്റെ കണ്ണീരൊപ്പാൻ നമ്മുടെ സംഭാവന

കർത്താവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

കാഷ്മീരിലെ പ്രളയ ദുരിതത്തിൽനിന്നും കരകയറുവാൻ ശ്രമി ക്കുന്ന ജനതയെ സഹായിക്കുവാൻ നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളിലും ഒക്ടോബർ മാസത്തിലെ ഒരു ഞായറാഴ്ച കുർബാന മദ്ധ്യേ പിരിവെടുത്ത് ഒക്ടോബർ 30ന് മുമ്പ് രൂപതാ കേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്. പ്രസ്തുത തുക കാഷ്മീരിലെ ജനതകളുടെ സഹായത്തിനായി അയച്ചുകൊടുക്കുന്നതാണ്.

ഏവർക്കും ദൈവാനുഗ്രഹം നേർന്നുകൊണ്ട്,

+ Pauly Kannookadan

ഇരിങ്ങാലക്കുട — **മാർ പോളി കണ്ണൂക്കാടൻ**
23. 09. 2014 — ഇരിങ്ങാലക്കുട രൂപത മെത്രാൻ



# കച്ചേരി കാര്യങ്ങൾ

1. രൂപതാ കച്ചേരിയിലേക്ക് നൽകുന്നതായ അപേക്ഷകൾ രൂപതാ അപേക്ഷാഫോറത്തിൽ കോപ്പി സഹിതം ബഹു. വികാരിയച്ചന്റെ സാക്ഷ്യത്തോടുകൂടി നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ് (രൂപതാ നിയമാവലി 12/2)

2 **ജപമാലഭക്തി :** ഒക്ടോബർ മാസത്തിൽ ജപമാലഭക്തിക്ക് പ്രത്യേക പ്രാധാന്യം നല്കി പരി. അമ്മയെപ്പോലെ വിശ്വാസ ജീവിതത്തിൽ വളരാൻ ശ്രമിക്കാം.

3 **അഭിവന്ദ്യ ജെയിംസ് പഴയാറ്റിൽ പിതാവിന്റെ പൗരോഹിത്യ സ്വീകരണദിനം :** ഒക്ടോബർ 3 വെള്ളിയാഴ്ച അഭിവന്ദ്യ ജെയിംസ് പഴയാറ്റിൽ പിതാവിന്റെ പൗരോഹിത്യ സ്വീകരണ ദിനം. അന്നേദിവസം പിതാവിനുവേണ്ടി എല്ലാവരും പ്രത്യേക മായി പ്രാർത്ഥിക്കണം.

4 **വൈദികസമ്മേളനം :** പഞ്ചദിനക്യാമ്പിന്റെ രണ്ടു ഗണങ്ങളു ടെയും സംയുക്തസമ്മേളനം രൂപതാഭവനത്തിൽവച്ച് 2014 ഒക്ടോ ബർ 16ന് വ്യാഴാഴ്ച രാവിലെ 10 മണിക്ക് ആരംഭിച്ച് 4 മണിക്ക് അവസാനിക്കുന്നതാണ്.

5 **മാസധ്യാനം :** ഒക്ടോബർ മാസത്തെ മാസധ്യാനം അതാതു ഫൊറോനകളിൽ വച്ചായിരിക്കും.

6 **മിഷൻ ഞായർ – ഒക്ടോബർ 19 :** ഓരോ ക്രൈസ്തവനും പ്രേഷിതനാണെന്ന് ഓർമ്മപ്പെടുത്തുന്ന സുദിനം. ജീവിതമാതൃക, പ്രാർത്ഥന, സാമ്പത്തിക സഹായം എന്നിവയിലൂടെ പ്രേഷിത പ്രവർത്തനങ്ങളിൽ നമുക്ക് പങ്കുകാരാകാം. ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ പീഡിപ്പിക്കപ്പെടുന്ന മിഷനറിമാർക്കുവേണ്ടി പ്രാർത്ഥി ക്കാം. മുൻ വർഷങ്ങളിലെപ്പോലെ ഏറ്റവും കൂടുതൽ സംഖ്യ ഏല്പിക്കുന്ന രണ്ട് ഇടവകകൾക്കും വീടുകളുടെ എണ്ണത്തിൽ ശരാശരി ഏറ്റവും കൂടുതൽ സംഖ്യ ഏല്പിക്കുന്ന രണ്ട് ഇടവക കൾക്കും ഏറ്റവും കൂടുതൽ സംഖ്യ ഏല്പിക്കുന്ന 2 സ്ഥാപന ങ്ങൾക്കും പ്രത്യേക സമ്മാനങ്ങൾ നല്കുന്നതാണ്. മിഷൻ

ഞായർ പിരിവ് നവംബർ 30–ാം തിയ്യതി ഉച്ചകഴിഞ്ഞ് 5 മണിക്കു മുൻപ് രൂപതാ കാര്യാലയത്തിൽ ഏല്പിക്കേണ്ടതാണ്.

7 **സകല മരിച്ചവരുടേയും ഓർമ്മത്തിരുനാൾ :** സീറോമലബാർ ആരാധനക്രമ പഞ്ചാംഗത്തിൽ സൂചിപ്പിച്ചിരിക്കുന്നത് പ്രകാരം നവംബർ 2 ഞായറാഴ്ചയായതുകൊണ്ട് നവംബർ 3 തിങ്കളാഴ്ചയാണ് മരിച്ചവരുടെ ഓർമ്മദിനമായി ആചരിക്കേണ്ടത്. മരണംമൂലം നമ്മിൽനിന്ന് വേർപെട്ട് പോയവർക്കു വേണ്ടി നവംബർ മാസത്തിൽ പ്രത്യേകം പ്രാർത്ഥിക്കാം. സ്വർഗ്ഗോന്മുഖരായി ജീവിക്കുവാൻ മരണചിന്ത നമ്മെ പ്രാപ്തരാക്കട്ടെ.

8 **വൈദിക വിശുദ്ധീകരണദിനം :** നവംബർ 13–ാം തിയ്യതി വ്യാഴാഴ്ച മൈനർ സെമിനാരിയിൽവച്ച് വൈദിക വിശുദ്ധീകരണദിനമായി ആചരിക്കുന്നു. സമയം: 10 a.m മുതൽ 4 p.m. വരെ. എല്ലാ വൈദികരും പങ്കെടുക്കേണ്ടതാണ്.

9 **മിഷൻ ഞായർ കലണ്ടർ :** മിഷൻ ഞായർ കലണ്ടർ കൊണ്ടുപോകാത്ത ഇടവകകൾ എത്രയും വേഗം അവ കൊണ്ടുപോകണമെന്ന് അഭ്യർത്ഥിക്കുന്നു.

രൂപതാ കാര്യാലയം — **മോൺ. ജോസ് ഇരിമ്പൻ**
21. 09. 2014 — വികാരി ജനറാൾ

# KRAMTH

## ദമ്പതിവർഷ ദൈവശാസ്ത്രകോഴ്സ്

## (Sacrament of Marriage)

**കൊടുങ്ങല്ലൂർ റിസർച്ച് അക്കാദമി**യുടെ (KRAMTH) ആഭിമുഖ്യത്തിൽ കല്ലേറ്റുംകര PACSൽ വച്ച് 2014 ഒക്ടോബർ 18 മുതൽ ഡിസംബർ 6 വരെയുള്ള ശനിയാഴ്ചകളിൽ ഉച്ചകഴിഞ്ഞ് 2.00 മണി മുതൽ 5.30 **ദമ്പതിവർഷത്തോടനു ബന്ധിച്ച് ദൈവശാസ്ത്രകോഴ്സ് (വിവാഹമെന്ന കൂദാശ)** സംഘടിപ്പിച്ചിരിക്കുന്നു. ദൈവശാസ്ത്രജ്ഞരായ വിദഗ്ദർ ക്ലാസ്സുകൾ നയിക്കുന്നു. രജിസ്ട്രേഷൻ ഫീസ് 250 രൂപ, പഠനോപകരണങ്ങൾ കൊണ്ടുവരേണ്ടതാണ്. ഒക്ടോബർ 15–നു മുമ്പായി പേരുകൾ നല്കുക ഫോൺ : 9946512176; 9400148602

എക്സി. ഡയറക്ടർ
**റവ. ഡോ. ഡേവീസ് ചെങ്ങിനിയാടൻ**




**1. മതതീവ്രവാദം അരുത് – മാർപാപ്പ:**

ഒരു മതവിഭാഗവും ദൈവത്തെ മറയാക്കി തീവ്രവാദം വളർത്തരുതെന്ന് ഫ്രാൻസിസ് മാർപാപ്പ. മുസ്ലീം ഭൂരിപക്ഷമുള്ള അൽബേനിയായിൽ ഒരു ദിവസത്തെ സന്ദർശനത്തിനായി എത്തിയതായിരുന്നു മാർപാപ്പ. മനുഷ്യന്റെ അന്തസിനും മൗലീകാവകാശത്തിനും സ്ത്രീകൾക്കുനേരെ മതത്തിന്റെ കൂട്ടുപിടിച്ച് ആരും കടന്നുകയറ്റം നടത്തരുത്. എല്ലാവർക്കും ജീവിക്കാനും ഏത് മതത്തിൽ വിശ്വസിക്കാനും ലോകത്ത് സ്വാതന്ത്ര്യമുണ്ടെന്നും മാർപാപ്പ പറഞ്ഞു. ഇറ്റലിയിലും സിറിയയിലും ന്യൂനപക്ഷങ്ങൾക്കെതിരെ അതിനീചമായ രീതിയിൽ ആക്രമണം നടത്തുന്ന ഇസ്ലാമിക് സ്റ്റേറ്റിന്റെ പ്രവർത്തനത്തിനെതിരെ ആഗോളസമൂഹം പ്രതികരിക്കണമെന്ന് ദക്ഷിണ കൊറിയൻ സന്ദർശനത്തിനുശേഷം മാർപാപ്പ ആഹ്വാനം ചെയ്തിരുന്നു. മുസ്ലീകളും കത്തോലിക്കരും ഓർത്തഡോക്സുകാരും ഐക്യത്തോടെ ജീവിക്കുന്ന അൽബേനിയായിലെ മതസൗഹാർദ്ദത്തെ അദ്ദേഹം പ്രത്യേകം ശ്ലാഘിക്കുകയുണ്ടായി.

**2 മാർ ജോയ് ആലപ്പാട്ടിന്റെ മെത്രാഭിഷേകം**

ചിക്കാഗോ സീറോ മലബാർ രൂപതയുടെ സഹായമെത്രാനായി നിയമിതനായിരിക്കുന്ന മാർ ജോയ് ആലപ്പാട്ടിന്റെ മെത്രാഭിഷേകം സെപ്തംബർ 27ന്. മേജർ ആർച്ചുബിഷപ്പ് കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരിയുടെ മുഖ്യകാർമ്മികത്വത്തിൽ മാർതോമാശ്ലീഹ സീറോമലബാർ കത്തീഡ്രലിൽ നടത്തപ്പെടുന്ന മെത്രാഭിഷേക ശുശ്രൂഷയിൽ ചിക്കാഗോ സീറോ മലബാർ രൂപതാദ്ധ്യക്ഷൻ മാർ ജേക്കബ്ബ് അങ്ങാടിയത്ത്, ഇരിങ്ങാലക്കുട രൂപത മെത്രാൻ മാർ പോളി കണ്ണൂക്കാടൻ എന്നിവരാണ് സഹകാർമ്മികർ. വെരി. റവ. ഫാ. സെബാസ്റ്റ്യൻ അരിക്കാട്ട് ആയിരിക്കും ആർച്ചു ഡീക്കൻ. ഇരിങ്ങാലക്കുടയിലെ പറപ്പൂക്കര ഇടവകാംഗമാണ് നിയുക്ത മെത്രാൻ.

**3 ലോക മനസാക്ഷി ഉണരണം– പാത്രിയാർക്കീസ്:**

ഇറാക്കി ക്രൈസ്തവർ നേരിടുന്ന ദുരിതം ആർക്കും സങ്കൽപിക്കാൻ കഴിയുന്നതിനും അപ്പുറമാണെന്ന് കൽദായ

കത്തോലിക്കാ പാത്രിയാർക്കീസ് അറിയിച്ചു. ഇസ്ലാമിക തീവ്ര വാദികളുടെ അക്രമണങ്ങളെ തുടർന്ന് വീടുവിട്ട് പാലായനം ചെയ്ത ഒരു ലക്ഷത്തിലേറെ ക്രൈസ്തവർ ഇപ്പോൾ വടക്കൻ ഇറാഖിലെ ഇർബിൽ, ദോഗോക്ക് എന്നീ നഗരങ്ങളിൽ അഭയാർത്ഥികളായി കഴിയുന്നുണ്ട്. ഇവരെ സന്ദർശിച്ചശേഷമാണ് പാത്രിയാർക്കീസ് അന്താരാഷ്ട്രസമൂഹത്തെ അഭിസംബോധന ചെയ്ത് പ്രസ്താവന പുറപ്പെടുവിച്ചത്.

4 **റവ. ഡോ. പട്ടേരി സൗത്ത് ഏഷ്യ പ്രൊവിൻഷ്യൽ:**
ഈശോ സഭയുടെ സൗത്ത് ഏഷ്യ പ്രൊവിൻഷ്യലായി റവ. ഡോ. ജോർജ്ജ് പട്ടേരിയെ തിരഞ്ഞെടുത്തു. കൊൽക്കത്ത പ്രൊവിൻസിന്റെ മുൻപ്രൊവിൻഷ്യലായ അദ്ദേഹം ഇരിങ്ങാലക്കുട രൂപതയിലെ സേവിയൂർ ഇടവകാംഗമാണ്. ആദ്യമായിട്ടാണ് ഒരു മലയാളി വൈദീകൻ ഈ സ്ഥാനത്ത് എത്തുന്നത്.

5 **റവ. ഫാ. മൊയലൻ എസ്.എം.ആർ.സി പ്രസിഡന്റ്:**
സീറോ മലബാർ റിലീജിയസ് കോൺഫറസിന്റെ അഖിലേന്ത്യ പ്രസിഡന്റായി സി.എം.ഐ കോയമ്പത്തൂർ പ്രേഷിത പ്രവശ്യയുടെ പ്രൊവിൻഷ്യൽ റവ.ഫാ. വിൻസൻ മൊയലനെ തിരഞ്ഞെടുത്തു. ഇരിങ്ങാലക്കുട കത്തീഡ്രൽ ഇടവകാംഗമായ അദ്ദേഹത്തിന് കോയമ്പത്തൂർ ജില്ലയിലെ മികച്ച സാമൂഹിക പ്രവർത്തകനുള്ള തമിഴ്നാട് സർക്കാരിന്റെ അവാർഡ് ലഭിച്ചിട്ടുണ്ട്.

6 **റവ. ഡോ. കൊല്ലംപറമ്പിൽ അന്തർദേശിയ കമ്മീഷനിൽ:**
റവ.ഡോ.തോമസ് കൊല്ലംപറമ്പിൽ CMIയെ സഭയുടെ അന്തർദേശീയകമ്മീഷൻ അംഗമായി ഫ്രാൻസിസ് മാർപാപ്പ ഈയിടെ നിയമിച്ചു. ബാംഗ്ലൂർ ധർമ്മാരാം വിദ്യാക്ഷേത്രത്തിന്റെ മുൻ പ്രസിഡന്റായ അദ്ദേഹം പാലാ മൂഞ്ഞേലി സ്വദേശിയാണ്. ഈ പദവിയിൽ എത്തുന്ന ആദ്യത്തെ CMI സഭാംഗവുമാണ്.

7 **റവ. ഡോ. ചേടിയത്ത് – മല്പാൻ പദവി:**
പൗരസ്ത്യ സഭാപിതാക്കന്മാരുടെ പഠനങ്ങളിൽ അവഗാഗമുള്ള പ്രൊഫസറാണ് റവ. ഡോ. ഗീവർഗ്ഗീസ് ചേടിയത്ത്. കോട്ടയം വടവാതൂർ പൗരസ്ത്യവിദ്യപീഠത്തിലും തിരുവനന്തപുരം മലങ്കര മേജർ സെമിനാരിയിലുമായി മൂന്ന് പതിറ്റാണ്ടുകാലം പ്രൊഫസറായിരുന്ന ഡോ. ചേടിയത്തിന് വൈകിവന്ന അംഗീകാരമാണ് സീറോ മലങ്കരസഭയിലെ മല്പാൻ പദവി. സഭാപിതാക്കന്മാരെപ്പറ്റി ആധികാരികമായ നിരവധി ഗ്രന്ഥങ്ങളും ലേഖനങ്ങളും അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**റവ. ഡോ. ആന്റണി മഞ്ഞളി**



Bless A Home

# ബ്ലസ്സ് എ ഹോം

**ഒരു വീടിനെ അനുഗ്രഹിക്കൂ...**

ഇരിങ്ങാലക്കുട രൂപതയുടെ ബ്ലസ് എ ഹോം പദ്ധതിയിൽ നിന്ന് 1000 കുടുംബങ്ങൾക്ക് വ്യക്തിഗത എക്കൗണ്ടിലേക്ക് ഇപ്പോൾ മൂന്ന് കോടി മുപ്പത് ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരം (3,30,97,000) രൂപ നൽകി. 2014 ഒരു ലക്ഷം സ്പോൺസേഴ്സ് = 2473 പേർ

**സംഭാവന നല്കിയവർ**

| | | |
|---|---|---|
| 1 | Mary Davassy Achadan Konnakuzhy | 12,000 |
| 2 | M.C. Thomas Maliakal Koonan Puthenchira East | 12,000 |
| 3 | Roby Chacko Panachickal Kodunga | 12,000 |
| 4 | K.O James Kannookadan Kuzhikattussery | 12,000 |
| 5 | Principal St. Joseph college Irinjalakuda | 5,000 |
| 6 | Provincial Superior Udaya Province C.M.C Irinjalakuda | 5,000 |
| 7 | Administrator Maria Threassia Hospital Kuzhikattussery | 10,000 |
| 8 | Administrator Sacred Heart Mission Hospital Pullur | 5,000 |
| 9 | Director Jesus Youth, Irinjalakuda | 12,000 |
| 10 | Thomas Raj Irinjalakuda | 12,000 |
| 11 | Vicar & Parishoners Fathima Matha Church Mannukad | 75,000 |
| 12 | Jose Immanuel Joby C/o. Mathews Chalissery Mannukad | 12,000 |
| 13 | Chalissery Ouseph Mathews Mannukad | 25,000 |
| 14 | Vicar & ParishonersSt. Antony's Church, Moorkanad | 10,000 |
| 15 | Vicar & Parishoners St. Joseph Church North Chalakudy | 6,000 |
| 16 | Panthalookaran Lonappan Sons Kodakara | 20,000 |
| 17 | Jessy Louis Chelakattuparambil Irinjalakuda | 6,000 |
| 18 | Jojo Jose Tharayil Kattoor | 10,000 |
| 19 | Rosy Jose South Africa | 24,000 |
| 20 | Baby Davis | 12,000 |
| 21 | Joy Jacob Thekkumpuram Aripalam | 12,000 |
| 22 | Chakkalamattath Pathrose Davis Aripalam | 20,000 |
| 23 | Dr. Jim Thomas Chalakudy | 12,000 |
| 24 | Mary George Chalakudy | 5,000 |
| 25 | Cherianvathu Devassy Chacko Aripalam | 5,000 |

| | | |
|---|---|---|
| 26 | Joy Alukkas Group Dubai | 65,000 |
| 27 | Eby Abraham Kadicheeni Mala | 5,000 |
| 28 | Well wisher Mala | 24,000 |
| 29 | Anto Meenamkunnel Velupadam C/o Sr. Elizabeth SABS | 5,000 |
| 30 | Vicar & Parishoners Basilica our Lady Snow Palliport | 5,000 |
| 31 | Joy K.V. irinjalakuda | 10,000 |
| 32 | Sony Karathara Aripalam | 10,000 |
| 33 | Wilson Mathew Payyappilly Puthenchira East | 6,000 |
| 34 | Joseph Chemban Irinjalakuda | 25,000 |
| 35 | Anthony Jacob Dani Lazer Neelamkavil Aripalam | 5,000 |
| 36 | Miluna Diamond Chittilappily Kattoor | 12,000 |
| 37 | Manavalan Manoj Michael Vennoor | 12,000 |
| 38 | Panthalookaran Lonappan Sons Kodakara | 60,000 |
| 39 | Vicar & parishioners St. joseph Forane Church Kodakara | 31,800 |
| 40 | N.T. George Nedumbakaran Kodakara | 25,000 |
| 41 | Principal Sacred Heart College Chalakudy | 5,000 |
| 42 | Sajeev K. Bastian Kannampilly Kallettumkara | 10,000 |
| 43 | Mohanan M.S Madappakudy Mala | 12,000 |
| 44 | Wilson Vareed Varoky Aripalam | 6,000 |
| 45 | Vicar & Parishoners St. Stanislavous Forane Church Mala | 87,000 |
| 46 | Vicar & Parishoners St. George Church Pariyaram | 40,000 |
| 47 | T.A Joseph Thandiakkal Vallakunnu | 25,000 |
| 48 | E.F Abraham Edattukaran Mala | 5,000 |
| 49 | Dr. Franklin Edattukaran Mala | 5,000 |
| 50 | Thaliyath Lonappan Charity Trust Irinjalakuda | 50,000 |

**ഫാ. വർഗ്ഗീസ് അരിക്കാട്ട്**
മാനേജിംഗ് ട്രസ്റ്റി

## സ്മരണാഞ്ജലി



റവ. ഫാ. എഫ്രേം പുതുശ്ശേരി : 04–10–1980
റവ. ഫാ. അബ്രാഹം കിഴക്കൂടൻ (Sr.): 08–10–1982
റവ. ഫാ. പോൾ പുല്ലോക്കാരൻ : 05–10–1988
റവ. ഫാ. ജോൺ ചാലിശ്ശേരി : 18–10–1999

## ആദരാഞ്ജലികൾ

### സി. തെയോഫില. FCC

**മരണം 14.09.2014**



ഇരിങ്ങാലക്കുട രൂപതയിലെ കൊറ്റനല്ലൂർ ഇടവകയിൽ കണ്ണമ്പുഴ ചെരടായി തോമസ് – കത്രീന ദമ്പതികളുടെ 13 മക്കളിൽ രണ്ടാമത്തെ മകളായി ഏല്യ 4–4–1940 ൽ ജനിച്ചു. 15–5–1960ൽ പ്രഥമവ്രതവാഗ്ദാനത്തിലൂടെ സി. തെയോഫില എന്ന പേരു സ്വീകരിക്കുകയും 20–4–1964 ൽ നിത്യവ്രതവാഗ്ദാനം നടത്തുകയും 2010 ൽ സുവർണ്ണജൂബിലി ആഘോഷിക്കുകയും ചെയ്തു. കരുവന്നൂർ സെന്റ് ജോസഫ്സ് മഠാംഗമായിരിക്കെ രോഗത്തിന്റെയും പ്രായത്തിന്റെയും ക്ലേശങ്ങൾ മൂലം അന്ത്യകൂദാശകളെല്ലാം സ്വീകരിച്ച് 2014 സെപ്റ്റംബർ 14 ന് കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു.



### സി. ഫാവുസ്ത.

**മരണം 30.08.2014**

ഇരിങ്ങാലക്കുട ഇടവക വെള്ളാനിക്കാരൻ ഇട്ടിമാത്തു ത്രേസ്യ ദമ്പതികളുടെ മകളായി 1923ൽ മറിയാമ്മ ജനിച്ചു. 24.05.1948ൽ പ്രഥമ വ്രതവാഗ്ദാനത്തോടെ സി. ഫാവുസ്ത എന്ന പേര് സ്വീകരിച്ചു. 27.05.1952ൽ നിത്യ വ്രതവാഗ്ദാനത്തിലൂടെ കർമ്മലീത്താ സന്യാസിനി സമൂഹാംഗമായി. 1972ൽ രജത ജൂബിലിയും 1997ൽ സുവർണ്ണജൂബിലിയും ആഘോഷിച്ചു. മാള, സൊക്കോർ സോ മഠാംഗമായിരിക്കെ രോഗാവസ്ഥയിൽ അന്ത്യകൂദാശകൾ സ്വീകരിച്ച് 2014 ആഗസ്റ്റ് 30–ാം തിയ്യതി കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു.

## സി. മേരി ബർക്കുമാൻസ്

**മരണം 26.08.2014**



എറണാകുളം അതിരൂപതയിൽ തവളപ്പാറ ഇടവക വടക്കുംചേരി തറവാട്ടിൽ ഇട്ട്യച്ചൻ, കൊച്ചുമറിയത്തിന്റെ മകളായി മേരി 02.03.1928ൽ ജനിച്ചു. 1951ൽ ഉപവി സന്യാസിനി സമൂഹത്തിൽ പ്രഥമവ്രതവാഗ്ദാനത്തിലൂടെ സി. മേരി ബർക്കുമാൻസ് എന്ന പേര് സ്വീകരിച്ചു. ദൈവീകപദ്ധതിയുടെ ഭാഗമായി കുഷ്ഠരോഗീശുശ്രൂഷയ്ക്കായ് സമരിറ്ററൻ സന്യാസി സമൂഹത്തിൽ പ്രവേശിച്ച് 1966ൽ പ്രഥമവ്രതവാഗ്ദാനവും 1969ൽ നിത്യവ്രതവാഗ്ദാനവും നടത്തി. പുല്ലൂർ സേക്രഡ് ഹാർട്ട് ഭവനാംഗമായിരിക്കെ അന്ത്യകൂദാശകളെല്ലാം സ്വീകരിച്ച് 2014 ആഗസ്റ്റ് 26–ാം തിയ്യതി കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു.

---

## നവചൈതന്യ

**ഒക്ടോബർ 2014**

| | |
|---|---|
| 2 | അവധി |
| 4 | NARF മീറ്റിംങ്ങ് |
| 5 | ഫോളോ അപ്പ്- ആദ്യഞായർ കൂട്ടായ്മ |
| 8 | പ്രാർത്ഥനാദിനം |
| 10 | സ്റ്റാഫ് മീറ്റിങ്ങ് |
| 11–18 | ലഹരിവിമുക്ത ക്യാമ്പ് |
| 12 | ജാഗരണ പ്രാർത്ഥന |
| 13 | റിസോഴ്സ് ടീം മീറ്റിംങ്ങ് |
| 18 | ലീഡേഴ്സ് & ആനിമേറ്റേഴ്സ് മീറ്റിങ്ങ് |
| 27, 28, 29 | ഫീൽഡ് വിസിറ്റ് |
| 30 | ഔട്ട് റിച്ച് പ്രോഗ്രാം |

**സംഭാവന നൽകിയത്**

സെന്റ് മേരീസ് ചർച്ച്, നന്തിക്കര 5,000

**ഫാ. ജെയ്സൺ കുടിയിരിക്കൽ**
ഡയറക്ടർ

# മതബോധനം

1. **മതബോധന അർദ്ധവാർഷിക പരീക്ഷ**

| | | |
|---|---|---|
| Std VIII-XII | ഒക്ടോബർ 12 ഞായർ | 2.00pm - 4.00pm |
| Std I-VII | ഒക്ടോബർ 19 ഞായർ | 2.00pm - 4.00 pm |

2. **കയ്യെഴുത്തുമാസിക**

കയ്യെഴുത്തുമാസികയുടെ പേരുകൾ രജിസ്ട്രേഷൻ ചെയ്യേണ്ട അവസാന തിയ്യതി ഒക്ടോ. 31 വെള്ളിയാഴ്ചയാണ്. കയ്യെഴുത്തു മാസികയുടെ മത്സരം നവം. 30–ാം തിയ്യതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1.30 മുതൽ 4.30 വരെ ആയിരിക്കും.

3 **Std X-XII വാർഷിക പരീക്ഷ രജിസ്ട്രേഷൻ**

ഈ വർഷവും Online Registration ആയിരിക്കും. വിദ്യാജ്യോതിയുടെ വെബ്സൈറ്റായ www.vidyajyotiijk.com–ൽ രജിസ്ട്രേഷൻ നടത്താനുള്ള സൗകര്യം ഉണ്ട്. User Nameഉം Passwordഉം കഴിഞ്ഞ വർഷത്തെ മതബോധനത്തിന്റേതു തന്നെയായിരിക്കും. സഹകരണം പ്രതീക്ഷിക്കുന്നു. നവംബർ 2ന് രജിസ്ട്രേഷൻ ആരംഭിക്കുന്നു. അവസാന തിയ്യതി നവംബർ 30 ആയിരിക്കും. നവംബർ 2 വരെയുള്ള ക്ലാസ്സുകളിൽ 80% ഹാജരും, അർദ്ധവാർഷിക പരീക്ഷക്ക് 35% മാർക്കുള്ളവരുടെ പേരുകളാണ് രജിസ്റ്റർ ചെയ്യേണ്ടത്. രജി. ഫീസ് 20 രൂപയും Online Registration-ന്റെ ഒരു പ്രിന്റ് കോപ്പിയും മതബോധനകേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്. അർദ്ധവാർഷിക പരീക്ഷ എഴുതിയവർക്കു മാത്രമേ Online രജിസ്ട്രേഷൻ ചെയ്യാൻ പാടുള്ളൂ. Online Registration ചെയ്യുമ്പോൾ അക്ഷരതെറ്റ് വരാതിരിക്കാനും ജനന തിയ്യതി, മാമ്മോദീസ തിയ്യതികളിൽ തെറ്റുവരാതിരിക്കുവാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. Mentally Challenged ആയ കുട്ടികളുടെ പേരുകൾ Online Registration-ൽ ചേർക്കരുത്. പകരം തന്നിരിക്കുന്ന ഫോമിൽ ഡിസംബർ 31–ാം തിയ്യതിക്കുള്ളിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

4 ആത്മീയസാംസ്കാരികമേള – രൂപതാതലരചനാമത്സരങ്ങൾ
ഒക്ടോബർ 2 വ്യാഴാഴ്ച ഇരിങ്ങാലക്കുട സെന്റ് മേരീസ് ഹയർ സെക്കന്ററി സ്കൂളിൽവച്ച് രാവിലെ 9 മണിക്ക് ആരംഭിക്കുന്നതാണ്.

5 മതബോധനം നടത്തുന്ന ശെമ്മാശന്മാരുടെ സമ്മേളനം 2014 ഒക്ടോബർ 26 ഞായറാഴ്ച ഉച്ചയ്ക്ക് 2 മുതൽ 4 വരെ രൂപതാഭവനത്തിൽവച്ച് നടത്തുന്നതാണ്.

6 നവംബർ 8 ശനിയാഴ്ച രാവിലെ 9 മണിക്ക് ആത്മീയ സാംസ്കാരികമേള – രൂപതാതല കലാമത്സരങ്ങൾ ക്രൈസ്റ്റ് കോളേജ് കാമ്പസിൽവച്ച് ആരംഭിക്കുന്നതാണ്.

## ബൈബിൾ അപ്പസ്തോലേറ്റ്

ലോഗോസ് ക്വിസ് പരീക്ഷയിൽ പങ്കെടുക്കുന്നവർക്കും പരീക്ഷ നടത്തിപ്പിന് സഹായിച്ച എല്ലാവർക്കും പ്രത്യേകം നന്ദി. ഒക്ടോബർ 3, 4 തിയ്യതികളിൽ (വെള്ളി, ശനി) രാവിലെ 9 മണിക്ക് ലോഗോസ് ക്വിസ് പരീക്ഷയുടെ ഉത്തരകടലാസുകൾ നോക്കുന്നതിനായി ഓരോ യൂണിറ്റിൽനിന്നും രണ്ട് അദ്ധ്യാപകരെയെങ്കിലും നിർബന്ധമായും വിദ്യാജ്യോതിയിലേക്ക് വിടണമെന്ന് താൽപര്യപ്പെടുന്നു. ഒക്ടോബർ 30–ാം തിയ്യതി വ്യാഴാഴ്ച മുതൽ ലോഗോസ് ക്വിസ് പരീക്ഷയുടെ റിസൽട്ട് വെബ്സൈറ്റിൽ (www.logosquiz.org) പ്രസിദ്ധീകരിക്കുന്നതാണ്. അതാത് യൂണിറ്റുകൾക്ക് വെബ്സൈറ്റിൽനിന്ന് പ്രിന്റ് എടുക്കാവുന്നതാണ്. മാർക്ക് സംബന്ധമായ എന്തെങ്കിലും സംശയങ്ങൾ ഉണ്ടെങ്കിൽ നവംബർ 25–ാം തിയ്യതിക്കുമുമ്പ് ഓഫീസിൽ അറിയിക്കേണ്ടതാണ്.

**ഫാ. ജോർജ്ജ് വേഴപറമ്പിൽ**
ഡയറക്ടർ

### ഈ മാസം പിറന്നാളും തിരുന്നാളും ആഘോഷിക്കുന്ന വൈദികർ

**Feast Day**

04. Fr. Joby Menoth
09. Fr. Joy Puthenveettil

**Birth day**

02. Fr. Varghese Pathadan
02. Fr. Liju Manjaprakaran
03 Fr. Tom Maliekal
05. Fr. Sanesh Thekethala
09. Msgr. Joseph Kavalakatt
09. Fr. Joy Menoth
10. Fr. Sebastian Ezhekadan
10. Fr. Varghese Vadakkepeedika
13. Fr. John Kavalakatt (Sr.)
14. Fr. Robin Palatty
19. Fr. Sebastian Valiyaveettil
22. Fr. Dinto Plackal
24. Fr. Joy Paliakkara
26. Fr. Jees Pakrath
28. Fr. Rocky Vazhappilly
28. Fr. Shabu Puthur
28. Fr. Jeo Kaitharath
30. Fr. Daison Kavalakat

പ്രാർത്ഥനാശംസകൾ...!!

# സോഷ്യൽ ആക്ഷൻ

1. **റൂബി ജൂബിലി ഭവന നിർമാണ പദ്ധതി :** സോഷ്യൽ ആക്ഷന്റെ ഫോറത്തിന്റെ നേതൃത്വത്തിൽ രണ്ട് ഘട്ടങ്ങളിലായി 132 ഇടവകകളിൽ 132 വീടുകൾ കുവൈറ്റ് സീറോ മലബാർ കൾച്ചറൽ അസോസിയേഷൻ, സോഷ്യൽ ഫോറം കുറീസ്, മറ്റു ഉദാരമതികളുടെ സഹകരണത്തോടെ നടപ്പിലാക്കുന്നു. ഇതിന്റെ ഉദ്ഘാടനം 2014 സെപ്റ്റംബർ 10 രൂപതാദിനത്തിൽ അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവിന്റെ അധ്യക്ഷതയിൽ പ്രഥമ മെത്രാൻ മാർ ജെയിംസ് പഴയാറ്റിൽ, രാമനാഥപുരം രൂപതാ മെത്രാൻ മാർ പോൾ ആലപ്പാട്ട്, എം.എൽ.എ. അഡ്വ. തോമസ് ഉണ്ണിയാടൻ, വികാരി ജനറൽമാർ, സന്ന്യസ്ത പ്രൊവിൻഷ്യാൾമാർ, വികാരിയച്ചന്മാർ, പാസ്റ്ററൽ കൗൺസിൽ മെമ്പർമാർ, മറ്റ് വിശിഷ്ട അതിഥികളുടെ മഹനീയ സാന്നിധ്യത്തിൽ സംഘടിപ്പിച്ചു. സോഷ്യൽ ആക്ഷൻ എക്സി. ഡയറക്ടർ ഫാ. ജോസ് മഞ്ഞളി കുവൈറ്റ് സീറോ മലബാർ അസോസിയേഷന്റെ പ്രതിനിധി ശ്രീ. സാജു പീറ്ററിൽനിന്ന് അഭിവന്ദ്യ മാർ ജെയിംസ് പഴയാറ്റിൽ പിതാവ് സംഭാവനയുടെ ആദ്യ ചെക്ക് സ്വീകരിച്ചു. 2014 സെപ്റ്റം. 10 മുതൽ 2015 സെപ്റ്റം. 10 വരെ ഒന്നാം ഘട്ടമായും 2015 സെപ്റ്റം.10 മുതൽ 2016 സെപ്റ്റം.10 വരെ രണ്ടാം ഘട്ടമായും നടപ്പിലാക്കുന്ന പദ്ധതിയുടെ ഒന്നാംഘട്ടമായി ഒരു ലക്ഷം രൂപ വീതം സഹായമായി നല്കുന്നതിനായി തിരഞ്ഞെടുത്ത 71 വീടുകൾ: അമ്പഴക്കാട് ഫൊറോന–8, ചാലക്കുടി ഫൊറോന–10, പറപ്പൂക്കര ഫൊറോന –3, എടത്തിരുത്തി ഫൊറോന–8, കൽപ്പറമ്പ് ഫൊറോന–5, കൊടകര ഫൊറോന–6, ഇരിങ്ങാലക്കുട ഫൊറോന–11, കുറ്റിക്കാട് ഫൊറോന–8, മാള ഫൊറോന–6, പുത്തൻചിറ ഫൊറോന–5.
2. **'അടുക്കള മാലിന്യ സംസ്കരണവും ജൈവ അടുക്കളത്തോട്ടവും'– പദ്ധതിയുടെ ഉദ്ഘാടനം :** സോഷ്യൽ ആക്ഷൻ ഫോറത്തിന്റെ നേതൃത്വത്തിൽ 'മിഷനറി സിസ്റ്റേഴ്സ് ഓഫ് സെന്റ് പീറ്റർ ക്ലേവർ ഓസ്ട്രേലിയ'യുടെ സാമ്പത്തിക സഹകരണത്തോടെ നടപ്പിലാക്കുന്ന പദ്ധതിയായ 'കിച്ചൻ വേസ്റ്റ് മാനേജ്മെന്റ് ആൻഡ് പ്രൊമോഷൻ ഓഫ് വെജിറ്റബിൾ ഗാർഡന്റെ' ഔപചാരികമായ ഉദ്ഘാടനം സെപ്റ്റം. 15–ന് ഉച്ചകഴിഞ്ഞ് 2.30–ന് സോഷ്യൽ ഫോറം ഓഡിറ്റോറിയത്തിൽ സോഷ്യൽ ആക്ഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജോസ് മഞ്ഞളി നിർവഹിച്ചു.

**3. ഓണാഘോഷവും അവാർഡ് ദാനവും**

കൊടുങ്ങല്ലൂർ സാന്തോം സ്പെഷ്യൽ സ്കൂളിൽ പ്രഥമ ഓണാഘോഷം നടത്തി. സോഷ്യൽ ആക്ഷൻ ഫോറം അസോസിയേറ്റ് ഡയറക്ടർ റവ. ഫാ. ബിനോയ് കോഴിപ്പാട്ട് ഉദ്ഘാടനം ചെയ്തു. മദർ സുപ്പീരിയർ സിസ്റ്റർ ഫ്രെഡി അധ്യക്ഷത വഹിച്ചു.

**4. ഓണ മേള**

- ഓഗസ്റ്റ് 31-ന് പുല്ലൂർ സെന്റ് സേവിയേഴ്സ് ഇടവക സോഷ്യൽ ആക്ഷൻ യൂണിറ്റിന്റെയും ഗ്രാമശ്രീ വനിതാ സ്വാശ്രയ സംഘങ്ങളുടെയും ആഭിമുഖ്യത്തിൽ ഓണമേള സംഘടിപ്പിച്ചു.
- സെപ്റ്റംബർ 5-ന് കനകമല ഇടവക സോഷ്യൽ ആക്ഷൻ യൂണിറ്റിന്റെയും ഗ്രാമശ്രീ പുരുഷ-വനിതാ സ്വാശ്രയ സംഘങ്ങളുടെയും സംയുക്താഭിമുഖ്യത്തിൽ സംഘാംഗങ്ങൾ കൃഷി ചെയ്തെടുത്ത കാർഷിക ഉത്പന്നങ്ങളുടെയും മറ്റ് പച്ചക്കറി ഓണ വിഭവങ്ങളുടെയും വിപണനമേള സംഘടിപ്പിച്ചു.

**5. നെൽകൃഷി വിത്തിറക്കൽ**

- സെപ്റ്റം. 12 വെള്ളിയാഴ്ച തെക്കൻ താണിശ്ശേരി പ്രത്യാശ ഗ്രാമശ്രീ പുരുഷ സംഘാംഗങ്ങളുടെ ആഭിമുഖ്യത്തിൽ ഒമ്പത് ഏക്കർ തരിശുഭൂമിയിൽ നെൽകൃഷിക്ക് വിത്തിറക്കൽ സംഘടിപ്പിച്ചു.

**6. ഗ്രാമശ്രീ സ്വാശ്രയ സംഘങ്ങളുടെ പ്രവർത്തന വിലയിരുത്തൽ**

2013 ഡിസംബർ മാസത്തിൽ 25 ഗ്രാമശ്രീ സ്വാശ്രയ സംഘങ്ങൾക്ക് കേരള പിന്നോക്ക വിഭാഗ കോർപ്പറേഷൻവഴി അനുവദിച്ച കുറഞ്ഞ പലിശനിരക്കിലുള്ള വായ്പാസഹായമായ 25 ലക്ഷം രൂപയുടെ വരുമാനദായക സംരംഭങ്ങളും അവയുടെ പ്രവർത്തനങ്ങളും വരവുചെലവു കണക്കുകളും 2014 സെപ്റ്റംബർ 11-ന് എത്തിച്ചേർന്ന സംസ്ഥാന-ജില്ലാ ഉദ്യോഗസ്ഥർ വിലയിരുത്തി സംതൃപ്തി രേഖപ്പെടുത്തി.

**7. Sustainability through Participatory Empowerment and Decentralisation (SPED III) പദ്ധതിയുടെ ഭാഗമായി:-**

a) സെപ്റ്റംബർ 14-ന് സദ്ഭരണം മുഖ്യവിഷയമായി ഏകദിന സെമിനാർ പാറക്കടവിലും സെപ്റ്റംബർ 15-ന് എരവത്തൂരിലും സെപ്റ്റംബർ 18-ന് പുവത്തുശ്ശേരിയിലും സംഘടിപ്പിച്ചു.

b) സെപ്റ്റംബർ 15 മുതൽ 28 വരെ ജൈവ കൃഷിരീതിയിലൂന്നിയ കീടനിയന്ത്രണത്തിൽ ട്രെയിനിംഗ് തിരഞ്ഞെടുത്ത പത്തു വില്ലേജുകളിൽ സംഘടിപ്പിച്ചു.

**ഫാ. ജോസ് മഞ്ഞളി**
എക്സിക്യൂട്ടീവ് ഡയറക്ടർ

# അവാർഡ്

1. **ഒക്ടോബർ 1 ലോക വൃദ്ധദിനാഘോഷം:** അവാർഡിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്ന ദേശംവികസന സംഘടനകൾ DDS, അവരുടെ ഉപസംഘടനകളായ വയോജന ക്ലബുകൾക്കായി ദിനാഘോഷം നടത്തുന്നു.

2 **ഗുരുവന്ദനം:** "നാടിന്റെ വികസനം ഗ്രാമങ്ങളിലൂടെ" എന്ന് ഉദ്ധരിച്ച രാഷ്ട്രപിതാവിന്റെ ജന്മദിനത്തിൽ അവാർഡ് ഗുരുവന്ദനം നടത്തുന്നു.

**ഗാന്ധിജയന്തി:** അവാർഡിന്റെ ദേശം വികസന സംഘടനകളിലെ ചിൽഡ്രൻസ് ക്ലബ്, മഹിളാഗണം, പുരുഷഗണം എന്നിവർ DDSകളിൽ വെച്ച് ഗാന്ധിജയന്തി വിപുലമായി ഘോഷിക്കുന്നു.

3 **ഗൃഹോപകരണപദ്ധതി:** 13-ാം ഘട്ടത്തിന് ആരംഭം കുറിക്കുന്നു.

10 **Food Kit Distribution:** *'We are with you'* സ്കീമിൽ ഭക്ഷ്യോല്പന്നങ്ങൾ പരാശ്രിതകുടുംബങ്ങൾക്ക് എത്തിച്ചുകൊടുക്കുന്നു.

11 **മാനസികാരോഗ്യ ദിനം:** സർഗ്ഗ അംഗങ്ങൾക്കൊപ്പം അവാർഡിൽ ആഘോഷിക്കുന്നു.

18 **School Level Workshop:** വെള്ളാങ്കല്ലൂർ ഗ്രാമപഞ്ചായത്തിലെ കുറ്റിപ്പറമ്പ് സ്കൂളിൽ വെച്ച് 'മൂല്യാധിഷ്ഠിത വിദ്യാഭ്യാസവും വ്യക്തിത്വ വികസനവും' ആസ്പദമാക്കി ശില്പശാല നടത്തുന്നു.

16 **Food Day Celebration:** സ്വയം തൊഴിലിലൂടെ 'ഭക്ഷ്യസുരക്ഷയും ആരോഗ്യസുരക്ഷയും' എന്ന ലക്ഷ്യത്തോടെ അവാർഡിന്റെ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പിന് ജീവൻ ഗ്രാമവികസന സൊസൈറ്റി കുറ്റിക്കാട് വെച്ച് ഏകദിന സെമിനാർ നടത്തുന്നു.

17 **Anti-Poverty Day Celebration:** 'ജൈവകൃഷിയും അടുക്കളത്തോട്ടവും' ആസ്പദമാക്കി ഫ്രണ്ട്സ് കർഷകഗണത്തിൽ സെമിനാർ

21 **വ്യക്തിഗതാനുകൂല്യവിതരണം:** അരീക്കൽത്തോട് നീർത്തടപദ്ധതിയിലൂടെ 2013-14 വർഷത്തെ വ്യക്തിഗതാനുകൂല്യങ്ങൾ വിതരണം ചെയ്യുന്നു.

♦ **വാർഷികദിനാഘോഷം:** അവാർഡിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്ന 5 സർഗ്ഗകൾ അവരുടെ വാർഷികം ഘോഷിക്കുന്നു.

♦ **സ്ത്രീശാക്തീകരണ സെമിനാറുകൾ:** പശ്ചിമഘട്ട വികസന പരിപാടിയുടെ ഭാഗമായി വെള്ളാങ്കല്ലൂർ ഗ്രാമപഞ്ചായത്തിന്റെ

വിവിധ വാർഡുകളിൽ വെച്ച് 3 ബോധവൽക്കരണ സെമിനാറുകൾ നടത്തുന്നു.

♦ **സമ്പൂർണ്ണ ക്ഷയരോഗനിയന്ത്രിത ഗ്രാമപ്രഖ്യാപനം:** Catholic Association of India - CHAI നടപ്പിലാക്കുന്ന പുതുക്കിയ ക്ഷയരോഗനിയന്ത്രണ പരിപാടി – RNTCP-യുടെ ഭാഗമായി മറ്റത്തൂർ, കോടശ്ശേരി ഗ്രാമപഞ്ചായത്തുകളിൽ വാർഡ് തോറും ക്ഷയരോഗത്തെ സംബന്ധിച്ച് ക്ലാസ്സുകൾ, ഭവനസന്ദർശനം, കഫം പരിശോധന എന്നീ പ്രവർത്തനങ്ങൾ നടത്തുന്നു.

♦ Counselling at Family Court: ഒന്നിടവിട്ട വ്യാഴാഴ്ചകളിൽ ചാലക്കുടി ഫാമിലി കോർട്ടിൽ അവാർഡ് കൗൺസിലിംഗ് നടത്തുന്നു.

♦ Service Providing Centre - കുടുംബപ്രശ്നങ്ങളുമായി വലയുന്നവർക്ക് ലീഗൽ അഡ്വൈസറുടെ സൗജന്യസേവനം തിങ്കൾ–ബുധൻ–വെള്ളി ദിവസങ്ങളിൽ അവാർഡിൽ.

♦ Brain MagiX: ബയോമെട്രിക്സ് സാങ്കേതികവിദ്യയായ ഫിംഗർപ്രിന്റ്സ് സ്കാനിംഗിലൂടെ ബ്രെയിൻ വിശകലനം ചെയ്ത് ഒരു വ്യക്തിയിൽ അന്തർലീനമായി കിടക്കുന്ന കഴിവുകളെയും അഭിരുചികളെയും, തനതായ വ്യക്തിത്വത്തെയും കണ്ടെത്തുന്ന Multiple Intelligence Test, Academy of Multiple Intelligence അഹമ്മാദാബാദുമായി ചേർന്ന് എല്ലാ മാസവും രണ്ടാം ശനിയാഴ്ചകളിൽ അവാർഡിൽ നടക്കുന്നു.

♦ ***ഗ്ലിറ്റർ ചൈൽഡ്കെയർ*** : പഠനവൈകല്യങ്ങളും പഠന പിന്നോക്കാവസ്ഥകളും ഉള്ള വിദ്യാർത്ഥികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്തുക എന്ന ലക്ഷ്യത്തോടെ പഠനക്ലാസുകൾ അവാർഡ് ഫാമിലി കൗൺസലിംഗ് സെന്ററിൽ.

**ഫാ. ജോസ് റാഫി അമ്പൂക്കൻ**
എക്സി. ഡയറക്ടർ

## പാക്സ്

**October**

October 6, 7, 8 - Precana
Oct. 13, 14, 15 - Pre-Cana
Oct. 27, 28, 29 - Pre-Cana
October 18, 2 5, November 1, 8, 15, 22
KRAMTH Bible Class (Saturday - 2.00 pm. to 5.30 pm.)

**ഫാ. ജോജി കല്ലിങ്ങൽ**
ഡയറക്ടർ

# കരിസ്മാറ്റിക് മൂവ്മെന്റ്

**നിർദ്ധനരായ പെൺകുട്ടികൾക്ക് വിവാഹസഹായം**

ദമ്പതിവർഷത്തോടനുബന്ധിച്ച് ഇരിങ്ങാലക്കുട രൂപത കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെയും ബി.എൽ.എം. ധ്യാനകേന്ദ്രത്തിന്റെയും ആഭിമുഖ്യത്തിൽ നിർദ്ധനരായ പെൺകുട്ടികൾക്ക് വിവാഹസഹായം നൽകുന്നു. തെരഞ്ഞെടുക്കുന്നവർ സമൂഹവിവാഹത്തിന് തയ്യാറാകണം. അപേക്ഷകൾ ബി.എൽ.എം. ധ്യാനകേന്ദ്ര ഓഫീസിലോ, കരിസ്മാറ്റിക് ഓഫീസിലോ ലഭ്യമാണ്. അപേക്ഷകൾ ഒക്ടോബർ 15ന് മുൻപ് ലഭിക്കേണ്ടതാണ്.

ഫോൺ : 9497068671, 9946870182, 2720272, 2728406

**ജീവിതപങ്കാളിയെ കണ്ടെത്തുവാൻ ഒരവസരം**

അനുയോജ്യരായ വധൂവരന്മാരെ കണ്ടെത്താൻ രൂപത കരിസ്മാറ്റിക് കൂട്ടായ്മ ആളൂർ ബി.എൽ.എം. ധ്യാനകേന്ദ്രത്തിലെ MTC ഹാളിൽ മാസത്തിലെ 3–ാമത്തെ ഞായറാഴ്ച 2 മണി മുതൽ സൗകര്യമൊരുക്കുന്നു. അപേക്ഷകർ ബയോഡാറ്റയുമായി മാതാപിതാക്കളോടൊപ്പം വരേണ്ടതാണ്.

**മദ്ധ്യസ്ഥ പ്രാർത്ഥനാദിനം**

ഇരിങ്ങാലക്കുട രൂപത കരിസ്മാറ്റിക് നവീകരണകൂട്ടായ്മയുടെ മദ്ധ്യസ്ഥ പ്രാർത്ഥനാദിനം ഒക്ടോബർ 6 തിങ്കളാഴ്ച രാവിലെ 10 മുതൽ 3 മണി വരെ ആളൂർ ബി.എൽ.എം.ൽ ധ്യാനകേന്ദ്രത്തിൽ ഒരുക്കുന്നു. പ്രാർത്ഥനാഗ്രൂപ്പംഗങ്ങൾ, സോൺ സബ്സോൺ, സർവ്വീസ് ടീമംഗങ്ങൾ എന്നിവർ പങ്കെടുക്കണം.

**അഖണ്ഡ ജപമാല**

രൂപത കരിസ്മാറ്റിക് കുടുംബാംഗങ്ങൾ ഒക്ടോബർ 18 ശനിയാഴ്ച രാവിലെ 8 മുതൽ രാത്രി 8 മണി വരെ അഖണ്ഡജപമാല ഒരുക്കുന്നു. അന്നേദിവസം കൗൺസലിങ്ങ്, പ്രീച്ചേഴ്സ് കോഴ്സ് എന്നീ കോഴ്സുകളിൽ പങ്കെടുത്ത യോഗ്യരായവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

**ഫാ. ജോയ് തറയ്ക്കൽ**
ഡയറക്ടർ

# സാൻജോസദൻ

**ഇന്നലെകൾ**

ആഗസ്റ്റ് മാസത്തിൽ 38 പേർ ചികിത്സ സ്വീകരിച്ച് ലഹരി വിമുക്ത ജീവിതം നയിക്കുന്നു. 17.08.14–ൽ നടന്ന എ.എ. & അൽ അനോൺ മീറ്റിങ്ങിൽ എ.എ 98ഉം അൽഅനോൺ 48ഉം പേർ പങ്കെടുത്തു. റവ. ഫാ. ജോസഫ് ഗോപുരം ദിവ്യബലി അർപ്പിച്ച് വചനസന്ദേശം നൽകി. ഇടവേളയ്ക്കുശേഷം ശ്രീ. ജോസ് കണ്ണൻ കുടുംബ ജീവിതത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് സ്വന്തജീവിതാനുഭവങ്ങൾ ചാലിച്ചെടുത്ത് മദ്യപാനത്തിന്റെ ദൂഷ്യഫലങ്ങൾ ബോദ്ധ്യപ്പെടുത്തിക്കൊടുത്തു.

ഫലസമൃദ്ധിയുടേയും സംസ്കാരത്തിന്റേയും തനിമയാണ് ഓണാഘോഷം. ഈശ്വരവന്ദനത്തോടെ നന്ദിപറഞ്ഞുകൊണ്ട് അഭിവന്ദ്യ മാർ ജെയിംസ് പഴയാറ്റിൽ പിതാവിന്റെ ദിവ്യബലിയോടെ ആരംഭിച്ചു. കലാപരിപാടികളും പിതാവിന്റെ സന്ദേശവും ഉണ്ടായിരുന്നു. മാവേലി സമ്മാനദാനം നിർവ്വഹിച്ചു. പിതാവ് ചേട്ടന്മാരോടൊപ്പം ഭക്ഷിച്ചു. 4 മണി വരെ എല്ലാവരേയും കണ്ട് ആത്മീയ ഉപദേശങ്ങൾ നൽകി.

**നാളെകൾ**

| | |
|---|---|
| 1 | ചികിത്സയിലായിരിക്കുന്നവരുടെ ഭാര്യമാരുടെ മീറ്റിങ്ങ് |
| 3 | സ്റ്റാഫ് മീറ്റിങ്ങ് |
| 7 | ക്ലിനിക്കൽ മീറ്റിങ്ങ് |
| 15 | ചികിത്സയിലായിരിക്കുന്നവരുടെ ഭാര്യമാരുടെ മീറ്റിങ്ങ് |
| 17 | സാൻജോസദൻ പ്രാർത്ഥനാദിനം |
| 19 | അൽ അനോൺ മീറ്റിങ്ങ് |
| 29 | ചികിത്സയിലായിരിക്കുന്നവരുടെ ഭാര്യമാരുടെ മീറ്റിങ്ങ് |

**സംഭാവന നൽകി സഹായിച്ചപള്ളി**

1 സെന്റ് മേരീസ് ചർച്ച്, നന്തിക്കര 5,000

**ഫാ. ജോസഫ് ഗോപുരം**
ഡയറക്ടർ

## ക്രിസ്തുദർശൻ കമ്മ്യൂണിക്കേഷൻസ്

**a) രൂപതയുടെ നേതൃത്വത്തിൽ നിർമ്മിക്കപ്പെട്ട വെബ്സൈറ്റുകൾ**

| | |
|---|---|
| ഇരിങ്ങാലക്കുട രൂപത | www.irinjalakudadiocese.com |
| ഇരിങ്ങാലക്കുട രൂപതാ വാർത്തകൾ | www.news.irinjalakudadiocese.com |
| സെന്റ് ജെയിംസ് ഹോസ്പിറ്റൽ | www.stjameshospital.in |
| കാന മാര്യേജ് ബ്യൂറോ | www.canamarriagebureau.com |
| ഐഡിയൽ മാട്രിമണി, ചെന്നൈ | www.idealmatrimonychennai.com |
| കേരളസഭ | www.keralasabha.net |
| ഹോളിഫാമിലി സിസ്റ്റേഴ്സ് | www.chfsisters.com |
| കെ.സി.വൈ.എം. | www.kcymirinjalakuda.com |
| ബ്ലസ് എ ഹോം | www.blessahome.com |
| ചെന്നൈമിഷൻ | www.syromalabarmissionchennai.com |
| ലിറ്റിൽ ഫ്ളവർ സ്കൂൾ | www.litteflowieririnjalakuda.com |
| സെന്റ് ആൻസ് സ്കൂൾ | www.stannesedathuruthy.com |
| അമ്പഴക്കാട് ഫൊറോന പള്ളി | www.ambazhakadchurch.com |
| ആനന്ദപുരം പള്ളി | www.anandapuramlfchurch.com |
| കരാഞ്ചിറ പള്ളി | www.karanchirachurch.com |
| ഷേൺസ്റ്റാട്ട് അക്കാദമി | www.marymathaschoenstattacademy.com |
| മൂന്നുമുറി പള്ളി | www.moonnumurychurch.com |
| മോതിരക്കണ്ണി പള്ളി | www.mothirakannichurch.com |
| പരിയാരം പള്ളി | www.pariyaramchurch.com |
| വൈന്തല പള്ളി | www.vynthalachurch.com |

ദർശൻ വോയ്സിൽ (www.darsanvoice.com) പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങൾ പാരീഷ് ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുവാൻ ലഭിക്കുന്നതിന് കമ്മ്യൂണിക്കേഷൻ മീഡിയ ഓഫീസുമായി ബന്ധപ്പെടുക. 0480 2821101, 9495592270 Email: christudarsan@gmail.com

**b) ബുള്ളറ്റിൻ ഫെസ്റ്റ് 14**

ക്രിസ്തുദർശൻ കമ്മ്യൂണിക്കേഷൻസിന്റെ നേതൃത്വത്തിൽ പാരീഷ് ബുള്ളറ്റിൻ മത്സരം സംഘടിപ്പിക്കുന്നു.

**നിബന്ധനകൾ**

- ഇരിങ്ങാലക്കുട രൂപതയിലെ ഇടവകകൾക്കാണ് ഈ മത്സരത്തിൽ പങ്കെടുക്കാൻ സാധിക്കുക.
- 2014 ജനുവരി മുതൽ സെപ്തംബർ വരെയുള്ളതിൽനിന്ന് 5 ലക്കം പാരീഷ് ബുള്ളറ്റിനുകളാണ് സമർപ്പിക്കേണ്ടത്.

☛ വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടൊപ്പമാണ് പാരീഷ് ബുള്ളറ്റിനുകൾ സമർപ്പിക്കേണ്ടത്.

☛ ഉള്ളടക്കം, ലേ ഔട്ട് എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും വിജയികളെ നിശ്ചയിക്കുക.

☛ വിധികർത്താക്കളുടെ തിരുമാനം അന്തിമമായിരിക്കും.

☛ പാരീഷ് ബുള്ളറ്റിൻ സമർപ്പിക്കേണ്ട അവസാന തിയ്യതി ഒക്ടോബർ 30, 2014.

**ഒന്നാം സമ്മാനം : 5001/- രൂപയും ട്രോഫിയും**

**രണ്ടാം സമ്മാനം : 3001/- രൂപയും ട്രോഫിയും**

**മൂന്നാം സമ്മാനം : 1001/- രൂപയും ട്രോഫിയും**

**അന്വേഷണങ്ങൾക്ക്: 949 5592270, 944 7777931**

**ക്രിസ്തുദർശൻ കമ്യൂണിക്കേഷൻസ്, വിദ്യാജ്യോതി കോംപ്ലക്സ്, ഇരിങ്ങാലക്കുട - 680121**

**ഫാ. സെബി കൊളങ്ങര**
ഡയറക്ടർ

---

# ബി. എൽ. എം. ധ്യാനകേന്ദ്രം

**ഒക്ടോബർ മാസത്തിലെ താമസിച്ചുള്ള ധ്യാനങ്ങൾ**

| | | |
|---|---|---|
| 2, 3, 4, 5 | : | ദമ്പതീധ്യാനം |
| 9, 10, 11, 12 | : | യുവജനധ്യാനം |
| 23, 24, 25, 26 | : | ആന്തരീകസൗഖ്യധ്യാനം |
| 30, 31, 1, 2 | : | യുവജനധ്യാനം |

**മറ്റു ശുശ്രൂഷകൾ**

* **ഏകദിന കൺവെൻഷൻ :** എല്ലാ വ്യാഴാഴ്ചകളിലും രാവിലെ 8.30 മുതൽ വൈകീട്ട് 3.30 വരെ.
* **വിധവകളുടെ ഏകദിനധ്യാനം :** രണ്ടാം തിങ്കളാഴ്ച (13.10.2014) രാവിലെ 10 മുതൽ വൈകീട്ട് 3.30 വരെ
* **ഏകസ്ഥരുടെ ഏകദിനധ്യാനം :** മൂന്നാം തിങ്കളാഴ്ച (20.10.2014) രാവിലെ 10 മുതൽ വൈകിട്ട് 3.30 വരെ.
* **ജാഗരണ പ്രാർത്ഥന :** രണ്ടാം ചൊവ്വാഴ്ച (14.10.2014) വൈകീട്ട് 6 മുതൽ ബുധനാഴ്ച രാവിലെ 6 വരെ.

**ഫാ. ജോയ് തറയ്ക്കൽ**
ഡയറക്ടർ

## സെന്റ് പോൾസ് മൈനർ സെമിനാരി

1. സെപ്തംബർ 5–ാം തിയ്യതി വൈകിട്ട് വിവിധ കലാപരിപാടികളോടെ ഓണാഘോഷം സംഘടിപ്പിച്ചു. അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവും അഭിവന്ദ്യ മാർ ജെയിംസ് പഴയാറ്റിൽ പിതാവും മുഖ്യ അതിഥികളായിരുന്നു.
2. സെപ്തംബർ 6–ാം തിയ്യതി രാവിലെ ബ്രദേഴ്സിന് ഓണാവധി ആരംഭിച്ചു.
3 സെപ്തംബർ 15ന് ഓണാവധി തീർന്ന് ബ്രദേഴ്സ് സെമിനാരിയിൽ തിരിച്ചെത്തി.
4 ഒക്ടോബർ 1 മുതൽ 5 വരെയാണ് ബഹു. ബെന്നി കരുമാലിക്കൽ അച്ചൻ നയിക്കുന്ന വാർഷികധ്യാനം
5 ഒക്ടോബർ 10, 11, 12 ദിവസങ്ങളിലാണ് ചെന്നൈയിലേക്കുള്ള ഉല്ലാസയാത്ര
6 വിവിധ ഇടവകകളിൽനിന്ന്, ഇരിങ്ങാലക്കുട രൂപതാവൈദികരാകുവാൻ താല്പര്യമുള്ള 8, 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുവാൻ പരിശ്രമം നടത്തിക്കൊണ്ടിരിക്കുന്നു.

**സാമ്പത്തിക സഹായം നൽകിയവർ**

1 Mr. Jose Joy Nedumbakaran House, Thazhur ............ 25,000
2. Mr. E.V. Paul ............ 25,000
3 Mrs. Daisy Paul ............ 25,000
4 Mr. T.K. Pauly Thekkinedath House, Pullur ............ 25,000
5 Mr. Josi K.J. Kottekaran House, Chalakudy ............ 25,000
6 Mr. Antappan Ouseph Kanichai House, Vynthala ............ 25,000
7 Mr. M. K.Davis Manjaly House, Rappal P.O., Pudukad ............ 50,000
8 Jancy Potteparambil, Garten Strasse - 7, 8820, Zurich ............ 25,000
9 Mr. Benny Joseph Kongoth House, Kaduppassery ............ 25,000
10 Mr. Joy George Brahmakulathu Kunnikuru, Vallakunnu ............ 25,000
11 Mrs. Celine Jacob Koraparambil House, Mala ............ 20,000
12 Sera Maria, Irinjalakuda ............ 3,000
13 Mr. Wilson Kannampadathil, Irinjalakuda ............ 5,000

**ഫാ. ജോബി പൊഴോലിപറമ്പിൽ**
റെക്ടർ

# സി.ആർ.ഐ.

**1. സമർപ്പിതസംഗമം**

സ്വാർത്ഥതയുടെ സ്വപ്നങ്ങൾ നിഹനിച്ചുകൊണ്ട് ദൈവത്തിന്റെ കിനാവുകൾ കണ്ട് നവസമൂഹസൃഷ്ടിയുടെ രാസത്വരകങ്ങളാകുവാൻ സമർപ്പിതർ മുന്നോട്ടുവരണമെന്ന് സീറോമലബാർ സഭയുടെ വക്താവ് ഫാ. പോൾ തേലക്കാട്ട് ആഹ്വാനം ചെയ്തു. ഇരിങ്ങാലക്കുടയിൽവച്ച് നടന്ന സി.ആർ.ഐ. സമർപ്പിതസംഗമത്തിൽ ആമുഖപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

**2. ഹരിതഭവൻ പദ്ധതി 2014**

ഒരു കുടുംബത്തിന് ഒരു അടുക്കളതോട്ടം എന്ന ഉദ്ദേശത്തോടെ സി.എം.സി. ഉദയ പ്രൊവിൻസ് ഈ കുടുംബകൃഷി വർഷത്തിൽ 125 വീട്ടമ്മമാർക്കായി 5000 രൂപ വിതരണം ചെയ്തു. ശ്രീ. ജോസ് നയിച്ച ജൈവകൃഷിയെക്കുറിച്ചുള്ള ക്ലാസ്സ് നാട്ടറിവുകൾ പകരുന്നതായിരുന്നു. പ്രൊവിൻഷ്യാൽ സുപ്പീരിയർ റവ. ഡോ. സി. റോസ് മേരി പ്രൊജക്ട് തുക വിതരണം ചെയ്യുകയും സോഷ്യൽ കൗൺസിലർ സി. ആൻജോ എല്ലാവർക്കും നന്ദി അർപ്പിക്കുകയും ചെയ്തു.

**3 ഓട്ടോ ഡ്രൈവേഴ്സ് സാരഥി – കുടുംബസംഗമം 2014**

ഇരിങ്ങാലക്കുട സി.എം.സി. ഉദയ പ്രൊവിൻസിന്റെ നേതൃത്വത്തിലുള്ള ഓട്ടോ ഡ്രൈവേഴ്സ് സാരഥി സംഗമത്തിന്റെ കുടുംബസംഗമം 24–ാം തിയ്യതി ഞായറാഴ്ച 2 മണിക്ക് ബഹു. പ്രൊവിൻഷ്യാൽ സുപ്പീരിയർ ഡോ. സി. റോസ് മേരി ഉദ്ഘാടനം ചെയ്തു. ചാലക്കുടിയിൽ ആരോരുമില്ലാത്തവർക്കായി ഭക്ഷണപൊതി വിതരണം ചെയ്യുന്ന ഓട്ടോ ഡ്രൈവർ ശ്രീ. സൈമൺ തന്റെ അനുഭവം പങ്കുവച്ചത് ഏറെ പ്രചോദനാത്മകമായി. ചാലക്കുടി എസ്.ഐ. ശ്രീ. ഹർഷാദ് നിയമങ്ങളെക്കുറിച്ചും മാതാപിതാക്കളുടെ ഉത്തരവാദിത്വങ്ങളെക്കുറിച്ചും ക്ലാസ്സ് നയിച്ചു. സത്യസന്ധതയ്ക്കുള്ള അവാർഡ് നേടിയ ശ്രീ. ബെന്നി കെ.വി. (ഓട്ടോ ഡ്രൈവർ പുല്ലൂർ) ലക്കി ദമ്പതികളായി തെരഞ്ഞെടുക്കപ്പെട്ട പൗലോസ് വി.സി. എന്നിവരെ ആദരിച്ചു. ഓട്ടോ ഡ്രൈവേഴ്സിന്റെ മക്കൾക്ക് പഠനത്തിനുള്ള സ്കോളർഷിപ്പുകൾ വിതരണം ചെയ്തു.

**ഫാ. ജോസ് ചിറ്റിലപ്പിള്ളി CMI**
ഡയറക്ടർ

# സ്പിരിച്ചാലിറ്റി സെന്റർ

1 **ആരാധന :** തിങ്കൾ മുതൽ ബുധൻ വരെ രാവിലെ 8 മുതൽ വൈകീട്ട് 7.30 വരെയും, വ്യാഴം, വെള്ളി, ശനി ദിവസങ്ങളിൽ വൈകിട്ട് 5 മണി വരെയും ആരാധനക്ക് എഴുന്നള്ളിച്ചു വച്ചിരിക്കും.

2 **വചനപ്രഘോഷണവും ആന്തരികസൗഖ്യ ആരാധനയും**
എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 10 മുതൽ ഉച്ചതിരിഞ്ഞ് 3 വരെ വചനപ്രഘോഷകർ നയിക്കുന്ന വചനശുശ്രൂഷ, ദിവ്യ ബലി, കുമ്പസാരം, കൗൺസിലിങ്ങ്, ആന്തരികസൗഖ്യ ആരാധന, തൈലാഭിഷേക പ്രാർത്ഥന, ബന്ധനമോചന ശുശ്രൂഷ കൾ എന്നിവ നടത്തപ്പെടുന്നു. (കത്തീഡ്രൽ പള്ളിയിൽ വച്ചായിരിക്കും ശുശ്രൂഷകൾ നടത്തപ്പെടുക)

3 **എമ്മാനുവേൽ 2014 ബൈബിൾ കൺവെൻഷൻ :** ഒക്ടോബർ 1, 2, 3, 4, 5 തിയ്യതികളിൽ ഫാ. മാത്യു ഇലവുങ്കൽ & ടീം അംഗങ്ങൾ.

4 **ജെറീക്കോ പ്രാർത്ഥന :** ഒക്ടോബർ 11–ാം തിയ്യതി ശനിയാഴ്ച വൈകിട്ട് 5 മണിയുടെ കുർബാനയോടെ ആരംഭിക്കുന്നു.

4 **അഖണ്ഡ ജപമാല :** ഒക്ടോബർ 26–ാം തിയ്യതി ഞായറാഴ്ച രാവിലെ 10 മുതൽ വൈകിട്ട് 5 മണി വരെ.

5 ബഹു. വൈദികർക്കുവേണ്ടി ഓരോ ദിവസവും പ്രത്യേകം പ്രാർത്ഥിക്കുന്നു.

1 Rev. Fr. Francis Kodiyan
2 Rev. Fr. Davis Kallingal
3 Rev. Fr. Pauly Padayatty
4 Rev. Fr. Joy Paliekkara
6 Rev. Fr. Davis Thattil
7 Rev. Dr. Joy Nellissery
8 Rev. Fr. Jolly Vadakkan
9 Rev. Fr. Thomas Pudussery
10 Rev. Dr. Jose Maniparambil
11 Rev. Fr. Davis Kudiyirickal
13 Rev. Fr. Raphel Panjikaran
14 Rev. Fr. Joseph Palathingal
15 Rev. Fr. Johnson G. Alappatt
16 Rev. Fr. Joseph Thekkethala
17 Rev. Fr. Pauly Pudussery
18 Rev.Fr. Wilson Erathara
20 Rev. Fr. Davis Chenginiyadan
21 Rev. Fr. Sunny Kalambanathadathil
22 Rev. Fr. Paul Payyappilly
23 Rev. Fr. Varghese Konthuruthy
24 Rev. Fr. Francis kavil
25 Rev. Fr. George Vezhaparambil
27 Rev. Fr. Thomas D. Maliekkal
28 Rev. Dr. Joji Kallingal
29 Rev. Dr. Davis Kalapurackal
30 Rev. Dr. Joji Palamattath
31 Rev. Fr. Jose Aricatt

**ഫാ. തോമസ് മേനാച്ചേരി**
വൈസ് റെക്ടർ

## ഇടയന്റെ നാളെകൾ

**ഒക്ടോബർ 2014**

| | | |
|---|---|---|
| 1–8 | | അമേരിക്ക |
| 9 | 11.30 am | ദൈവശാസ്ത്രവൈദിക വിദ്യാർത്ഥികളുടെ കൂട്ടായ്മ |
| | 3.00 pm | തത്വശാസ്ത്ര വൈദിക വിദ്യാർത്ഥികളുടെ കൂട്ടായ്മ |
| 10 | 2.30 pm | ആലോചനാസമിതി മീറ്റിങ്ങ് |
| 11 | 10.00 am | പാദുവാനഗർ പള്ളി |
| | 11.00 am | കുഴിക്കാട്ടുശ്ശേരി പള്ളി |
| 12 | | ഇടയസന്ദർശനം, പുത്തൻചിറ ഫൊറോന |
| 13 | | രൂപതാഭവനം |
| 14 | | സന്ദർശകദിനം |
| 15 | | രൂപതാഭവനം |
| 16 | | രൂപതാഭവനം |
| 17 | 6.45 am | നവചൈതന്യ, ആളൂർ |
| | 10.00 am | മൗണ്ട് സെന്റ് തോമസ്, കാക്കനാട് |
| | 3.30 pm | എടത്തിരുത്തി ബ്ലസ്ഡ് എവുപ്രാസ്യ കോൺവെന്റ് |
| 18 | 10.00 am | സഹൃദയ കോളേജ്, കൊടകര |
| | 12.08 pm | ഇരിങ്ങാലക്കുട, കത്തീഡ്രൽ |
| | 5.30 pm | ഷേൺസ്റ്റാട്ട്, കാട്ടുങ്ങച്ചിറ |
| 19 | 6.45 am | മൂന്നുമുറി പള്ളി |
| | 12.05 pm | ഇരിങ്ങാലക്കുട കത്തീഡ്രൽ |
| | 3.00 pm | കരുവന്നൂർ സെന്റ് ജോസഫ് കോൺവെന്റ് |
| 20–31 | | കെനിയ |

## ഇടയന്റെ ഇന്നലെകൾ

**സെപ്തംബർ 2014**

| | | |
|---|---|---|
| 1 | 6.30 am | കാട്ടുങ്ങച്ചിറ ഷേൺസ്റ്റാർട്ട് കോൺവെന്റിൽ ദിവ്യബലി അർപ്പിച്ചു. |
| | 12.00 pm | കത്തീഡ്രൽ പള്ളിയിൽ വിവാഹം ആശീർവ്വദിച്ചു. |
| | 3.00 pm | വെളയനാട് പള്ളിയിൽ Human Welfare Society യുടെ ഉദ്ഘാടനം നിർവ്വഹിച്ചു. |
| | 6.30 pm | ഇരിങ്ങാലക്കുട നിത്യാരാധന കേന്ദ്രത്തിൽ നടന്ന കമ്മിറ്റി മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. |
| 2 | 6.30 am | കല്ലേറ്റുംകര PACSൽ ദിവ്യബലി അർപ്പിച്ചു. |
| | 8.30 am | സന്ദർശകരെ സ്വീകരിച്ചു. |

| | | |
|---|---|---|
| | 6.30 pm | കൊടകര സഹൃദയ കോളേജിൽവച്ച് നടന്ന ബോർഡ് മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. |
| 3 | 6.15 am | രൂപത മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു |
| | 9.00 am | രൂപതാഭവനത്തിൽ നടന്ന കേരളസഭാ മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. |
| | 12.00 pm | ചാലക്കുടി സെന്റ് ജെയിംസ് ഹോസ്പിറ്റലിൽവച്ച് നടന്ന പത്രപ്രവർത്തകരുടെ മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. |
| | 4.00 pm | രൂപതാഭവനത്തിൽനടന്ന യൂത്ത് സെന്റർ മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. |
| | 6.00 pm | ഇരിങ്ങാലക്കുട കത്തീഡ്രൽ ദേവാലയത്തിൽ നടന്ന മരിയൻധ്യാനം ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. |
| | 6.30 pm | രൂപതാഭവനത്തിൽ അതിഥികളെ സ്വീകരിച്ചു. |
| 4 | 7.00 am | ഇഞ്ചക്കുണ്ട് ലൂർദ്ദ്പുരം പള്ളിയിൽ വി. ബലിയർപ്പിച്ചു. മാമ്മോദീസ, സ്ഥൈര്യലേപനം നൽകി. |
| | 11.00 am | മൂന്നുമുറി ശാന്തിഭവൻ കോൺവെന്റിന്റെ നവീകരിച്ച ചാപ്പൽ ആശീർവ്വദിച്ചു വി. ബലിയർപ്പിച്ചു. |
| | 2.30 pm | അന്നമനട ആശാഭവനിൽ വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു. |
| | 4.00 pm | പുല്ലൂർ സെന്റ് സേവിയേഴ്സ് ദേവാലയത്തിൽ ബ്രദർ ഫ്രാൻസിസ് മരിയ തച്ചിൽ CMI യുടെ മൃതസംസ്കാരശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു. |
| | 7.30 pm | ചാലക്കുടി സെന്റ് ജെയിംസ് ആശുപത്രിയിൽ ഡോക്ടേഴ്സിന്റെ മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. |
| 5 | 9.00 am | കൊടകര സഹൃദയ കോളേജ് അഡ്വാൻസ് സ്റ്റഡീസിൽ വി. ബലിയർപ്പിക്കുകയും സ്റ്റുഡന്റ്സ് യൂണിയന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. |
| | 4.30 pm | പുളിങ്കര പള്ളിയിൽ മലയോര ബൈബിൾ കൺവെൻഷൻ ഉദ്ഘാടനം ചെയ്ത് വി. ബലിയർപ്പിച്ച് സന്ദേശം നൽകി. |
| | 7.30 pm | ഇരിങ്ങാലക്കുട മൈനർ സെമിനാരിയിൽ ഓണാഘോഷത്തിൽ പങ്കുചേർന്ന് സന്ദേശം നൽകി. |
| 6 | 10.00 am | ഇരിങ്ങാലക്കുട വിദ്യാജ്യോതിയിൽ BCT കോഴ്സ് ഉദ്ഘാടനം ചെയ്തു. |
| | 11.00 am | പുല്ലൂർ പള്ളിയിൽ മാമ്മോദീസായും സ്ഥൈര്യലേപനവും പരികർമ്മം ചെയ്തു. |

| | | |
|---|---|---|
| | 11.45 am | ആളൂർ തിരുഹൃദയ സെമിനാരിയിൽ ഓണാഘോഷത്തിൽ പങ്കുചേർന്ന് സന്ദേശം നൽകി. |
| | 1.30 pm | ഇരിങ്ങാലക്കുട സെന്റ് ജോസഫ്സ് കോളേജിൽവച്ച് നടന്ന കാത്തലിക് ടീച്ചേഴ്സ് ഗിൽഡിൽ സന്ദേശം നൽകി സമ്മാനദാനം നിർവ്വഹിച്ചു. |
| | 2.15 pm | കല്ലേറ്റുംകര PACSൽ KRAMTH ദൈവശാസ്ത്ര കോഴ്സിൽ സന്ദേശം നൽകി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. |
| | 3.30 pm | തിരുമുക്കുളം പള്ളിയിൽ നവീകരിച്ച അൾത്താരയുടെയും വൈദികമന്ദിരത്തിന്റെയും ആശീർവ്വാദകർമ്മം നിർവ്വഹിച്ച് വി. ബലിയർപ്പിച്ചു. |
| 7 | 6.45 am | മതിലകം പള്ളിയിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി. പള്ളിയുടെ വെബ്സൈറ്റിന്റെ ഉദ്ഘാടനം നടത്തി. |
| | 9.30 am | കരുവന്നൂർ പള്ളിയിൽ കാത്തലിക് മൂവ്മെന്റിന്റെ ഹൃദയസ്പർശം പരിപാടിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. |
| | 2.00 pm | BLM ആളൂർ ധ്യാനകേന്ദ്രത്തിൽ സന്ദേശം നൽകി. |
| | 5.00 pm | വെളയനാട് പള്ളിയിൽ ആരംഭിച്ച പോപ്പുലർ മിഷൻ ധ്യാനത്തിന് വി. ബലിയർപ്പിച്ച് സന്ദേശം നൽകി. |
| 8. | 6.30 am | കുഴിക്കാട്ടുശ്ശേരി പള്ളിയിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി. |
| | 10.00 am | വെട്ടിക്കുഴി, സ്മൈൽ വില്ലേജിൽവച്ച് ഡിവൈൻ മേഴ്സി സിസ്റ്റേഴ്സിന്റെ സഭാവസ്ത്രസ്വീകരണത്തിനും നിത്യവ്രതവാഗ്ദാനത്തിനും മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 3.00 pm | ചാലക്കുടി എസ്.എച്ച്. കോളേജിൽവച്ച് നടത്തപ്പെട്ട അൽഫോൻസാ ഗാർഡൻ പ്രോഗ്രാമിൽ ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിച്ചു. |
| 9 | 6.30 am | ഇരിങ്ങാലക്കുട അൽവേർണിയ കോൺവെന്റിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി. |
| | 9–12pm | സന്ദർശകരെ സ്വീകരിച്ചു. |
| | 12.00 pm | രൂപതാദിനത്തോടനുബന്ധിച്ച് ഇരിങ്ങാലക്കുട ഗവണ്മെന്റ് ഹോസ്പിറ്റലിൽ രോഗികൾക്ക് ഭക്ഷണം നൽകി. |
| | 3.00 pm | രൂപതാഭവനത്തിൽ നടന്ന എഡ്യൂക്കേഷൻ കൗൺസിൽ മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. |
| | 4.30 pm | വല്ലക്കുന്ന് പള്ളിയിൽവച്ച് തൊടുപറമ്പിൽ കുടുംബയോഗം ഉദ്ഘാടനം നിർവ്വഹിച്ചു. |

7.00 pm ഇരിങ്ങാലക്കുട വിദ്യാജ്യോതിയിൽവച്ച് നടന്ന ആനിമേറ്റേഴ്സ് മീറ്റിങ്ങിൽ പങ്കെടുത്ത് സന്ദേശം നൽകി.

10. 7.15 am കത്തീഡ്രൽ ദേവാലയത്തിൽ വി. ബലിയർപ്പിച്ചു.

10.00 am രൂപതാഭവനത്തിൽ നടത്തപ്പെട്ട രൂപതാദിന സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ച് സന്ദേശം നൽകി.

1.45 pm നവീകരിച്ച രൂപതാ ബുക്സ്റ്റാളിന്റെയും, വിദ്യാജ്യോതി മതബോധന സെന്ററിന്റെയും വെഞ്ചിരിപ്പുകർമ്മം നിർവ്വഹിച്ചു

3.30 pm പുത്തൻവേലിക്കരയിൽ ബഹു. ജെയിംസ് പള്ളിപ്പാട്ട് അച്ചന്റെ പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

7.00 pm ഇരിങ്ങാലക്കുട കത്തീഡ്രലിലെ ഇൻഫന്റ് ജീസസ് കുടുംബയൂണിറ്റ് വാർഷികത്തിൽ അനുഗ്രഹപ്രഭാഷണം നടത്തി

11. 6.30 am കല്ലേറ്റുംകര PACSൽ വി. ബലിയർപ്പിച്ചു.

10.00 am പൂവ്വത്തുശ്ശേരി പള്ളിയിൽ ബഹു. ആന്റണി ഇരിമ്പനച്ചന്റെ ഒന്നാം ചരമവാർഷികത്തിൽ പങ്കെടുത്തു വി. ബലിയർപ്പിച്ചു.

12 6.30 am കല്ലേറ്റുംകര PACSൽ വി. ബലിയർപ്പിച്ചു.

6.30 pm മാള കാർമ്മൽ കോളേജിൽവച്ച് ജീസസ് യൂത്ത് സംഗമം 'Arise & Shine' ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

13 9.30 am ആനന്ദപുരം സാൻജോസദന്റെ വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി.

1.45 pm ഇരിങ്ങാലക്കുട കത്തീഡ്രൽ മാതൃസംഘത്തിന്റെ വാർഷികാഘോഷത്തിൽ അനുഗ്രഹപ്രഭാഷണം നടത്തി.

3.30 pm ചാലക്കുടി സെന്റ് ജെയിംസ് ഹോസ്പിറ്റലിന്റെ ജൂബിലി സമ്മേളനത്തിൽ പങ്കെടുത്തു സന്ദേശം നൽകി.

7.00 pm ഇരിങ്ങാലക്കുട കത്തീഡ്രൽ ഇടവക സെന്റ് ഇഗ്നേഷ്യസ് കുടുംബയൂണിറ്റിന്റെ വാർഷികാഘോഷം ശാന്തിസദനിൽ ഉദ്ഘാടനം ചെയ്തു.

14 8.00 am ഫോർട്ടു കൊച്ചി സെന്റ് ജോസഫ്സ് ആശ്രമത്തിൽ ദിവ്യബലിയർപ്പിച്ചു.

2.30 pm കൊടകര പള്ളിയിൽ വിവാഹം ആശീർവ്വദിച്ചു.

4.30 pm കരുവന്നൂർ കോൺവെന്റിൽ സി. തെയോഫിലയുടെ മൃതസംസ്കാരശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു

15 10.30 am തെക്കൻ താണിശ്ശേരി ഇടവകയിൽ വിവാഹം

ആശീർവ്വദിച്ചു.

12.00 pm മേലൂർ ശാന്തിപുരം പള്ളിയിൽ വിവാഹം ആശീർവ്വദിച്ചു.

3.00 pm രൂപതാഭവനത്തിൽ എജ്യൂക്കേഷൻ കൗൺസിൽ മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.

6.30 pm കല്ലേറ്റുംകര PACSൽ ആരംഭിച്ച വൈദികരുടെ പഞ്ചദിനക്യാമ്പിന്റെ ഉദ്ഘാടനം നിർവ്വഹിച്ച് സന്ദേശം നൽകി.

16 6.30 am ചാലക്കുടി സെന്റ് ജോസഫ് പ്രീസ്റ്റ് ഹോമിൽ വി. ബലിയർപ്പിച്ചു.

9.00 am സന്ദർശകരെ സ്വീകരിച്ചു.

3.00 pm പാലാരിവട്ടം പി.ഒ.സി.യിൽ നടന്ന ലിറ്റർജിക്കൽ കമ്മിറ്റി മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.

17 7.00 am കല്ലേറ്റുംകര PACSൽ വൈദികരുടെ Living & Learning പ്രോഗ്രാമിൽ പങ്കെടുത്തു വി. ബലിയർപ്പിച്ചു.

3.00 pm മൂർക്കനാട് ബഹു. ബെഞ്ചമിൻ ചിറയത്തച്ചന്റെ അമ്മയുടെ മൃതസംസ്കാരകർമ്മത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

18 9.00 am കല്ലേറ്റുംകര PACSൽ നടത്തപ്പെട്ട വൈദികരുടെ Living & Learning പ്രോഗ്രാമിന്റെ വിനോദയാത്രയിൽ പങ്കെടുത്തു.

19 6.45 am ആളൂർ നവചൈതന്യയിൽ വി. ബലിയർപ്പിച്ചു.

10.0 am കല്ലേറ്റുംകര PACSൽ വൈദികരുടെ Living & Learning സമാപന സമ്മേളനത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

2.30 pm രൂപതാഭവനത്തിൽ ബ്ലസ് എ ഹോം എക്സിക്യൂട്ടീവ് മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.

6.00 pm ചാലക്കുടി സെന്റ് ജെയിംസ് ഹോസ്പിറ്റലിൽ ട്രസ്റ്റ് മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.

20 9.30 am ചാലക്കുടി മെഡിക്കൽ അക്കാദമിയിൽ പുതിയ അദ്ധ്യയനവർഷം ഉദ്ഘാടനം ചെയ്തു.

11.30 am ആളൂർ നവചൈതന്യയുടെ വാർഷികാഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു.

2.30 pm കരാഞ്ചിറ കരുണാലയത്തിൽ വാർഷികദിനത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു.

5.30 pm തെക്കൻ താണിശ്ശേരി പള്ളിയിൽ ഹോം മിഷൻ സമാപ

| | | |
|---|---|---|
| | | നത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ച് സന്ദേശം നൽകി. |
| 21 | 6.00 am | പരിയാരം പള്ളിയിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി. |
| 22 | 11.00 am | കുണ്ടൂർ പള്ളിയിൽ വിവാഹം ആശീർവ്വദിച്ചു. |
| | 1.30 pm | കുറ്റിക്കാട് സ്കൂളിൽ പുതിയ ബിൽഡിങ്ങിന്റെ വെഞ്ചിരിപ്പ് കർമ്മം നിർവ്വഹിച്ചു. |
| | 3.00 pm | രൂപതാഭവനത്തിൽ ഇന്റേണൽ ഓഡിറ്റേഴ്സ് മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. |
| | 6.30 pm | കല്ലേറ്റുംകര PACSൽ വൈദികരുടെ Living & Learning പ്രോഗ്രാമിന്റെ രണ്ടാം ബാച്ചിൽ ഉദ്ഘാടനം നിർവ്വഹിച്ചു സന്ദേശം നൽകി. |
| 23 | 7.00 am | കല്ലേറ്റുംകര PACSൽ വൈദികരുടെ Living & Learning പ്രോഗ്രാമിൽ രണ്ടാം ബാച്ചിൽ വി. ബലിയർപ്പിച്ചു. |
| | 9.00 am | സന്ദർശിച്ചു. |
| | 2.00 pm | പറപ്പൂക്കര CBSE സ്കൂളിന്റെ ശിലാസ്ഥാപനം നിർവ്വഹിച്ചു. |
| | 3.00 pm | കല്ലേറ്റുംകര PACSൽ വൈദികരുടെ Living & Learning പ്രോഗ്രാമിൽ സന്ദേശം നൽകി. |
| | 6.30 pm | ഇരിങ്ങാലക്കുട ഗുഡ്ഷെപ്പേർഡ് പ്രൊവിൻഷ്യൽഹൗസിൽ പ്രൊവിൻസ് ഡേയോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു. |
| 24–30 | | അമേരിക്ക |

## സെന്റ് ജെയിംസ് റീനൽ കെയർ മിഷനിലേക്ക്
## സംഭാവന നൽകിയവർ

| | | |
|---|---|---|
| 1 | ഒ. പി. കൗണ്ടർ, സെന്റ് ജെയിംസ് ഹോസ്പിറ്റൽ | 1,020 |
| 2 | വെൽവിഷർ | 500 |
| 3 | മുത്തൂറ്റ് ഫൈനാൻസ് ലിമിറ്റഡ്, കൊച്ചി (MMGF Group) | 10,000 |
| 4 | സെബി തോമസ് | 600 |
| 5 | റൂബി പീറ്റർ, മഞ്ഞളി ആടലോടി വീട്, ആനത്തടം | 550 |
| 6 | ഫാ. ആന്റോ തച്ചിൽ, വികാരി, ഇൻഫന്റ് ജീസസ്സ് ചർച്ച്, കല്ലേറ്റുംകര | 2,00,000 |
| 7 | റെക്ടർ, St.Jude's Shrine, യൂദാപുരം, അങ്കമാലി | 3,000 |
| 8 | ഐ. എൻ. ടി. യു. സി., അപ്പോളോ ടെയേഴ്സ്, പേരാമ്പ്ര | 10,000 |
| | **ആകെ** | **225,670** |

**ഫാ. പോൾ എ. അമ്പൂക്കൻ**
ഡയറക്ടർ